

### ഈ പരീക്ഷണത്തെയും നാം അതിജയിക്കും

ഇന്ത്യൻ മണ്ണിൽ മുസ്‌ലിംകളെ രണ്ടാംകിടക്കാരായി കണ്ടുകൊണ്ട്, പൗരത്വത്തിന്റെ പേരു പറഞ്ഞ് രാജ്യത്തുള്ള അവരുടെ നിലനിൽപിനെ ചോദ്യം ചെയ്യുന്ന പുതിയ നിയമങ്ങളിൽ മുസ്‌ലിംകൾ ആശങ്കയിലാണ്. മതേതര ചിന്തയുള്ള എല്ലാ മതവിശ്വാസികളും അല്ലാത്തവരും പാർട്ടികളും ഈ കരിനിയമത്തെ ചെറുത്തു തോൽപിക്കാൻ സമരമുഖത്ത് സജീവമാണ് എന്നത് ഏറെ ആശ്വാസകരമാണ്. ഏത് തരത്തിലുള്ള പരീക്ഷണത്തിലും ആത്യന്തികമായി വിശ്വാസികൾക്ക് നന്മയാണുള്ളതെന്ന തിരിച്ചറിവോടുകൂടി സത്യപാതയിൽ അടിയുറച്ച് നിന്ന് മുന്നേറാൻ നാം ശ്രമിക്കുക. ഈ പരീക്ഷണത്തെയും നാം അതിജയിക്കുക തന്നെ ചെയ്യും.

VOL NO: 03 | ISSUE 52

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 DECEMBER 28 | ₹12

# നസ്ഖ്: പ്രമാണങ്ങൾ എന്തു പറയുന്നു?

ക്വുർആനിന്റെ ആധികാരികത ചോദ്യം ചെയ്യാൻ വിമർശകർ എക്കാലത്തും ഉപയോഗിച്ചിരുന്ന പ്രചാരണായുധമാണ് നസ്ഖ്. ഗഹനമായ പഠനത്തിന് താൽപര്യമില്ലാത്തവരെയും ദുർബല വിശ്വാസികളെയും തെറ്റുധരിപ്പിക്കാൻ എടുത്തുപയോഗിക്കുന്ന ക്വുർആനിലെ നസ്ഖിനെയും മൻസൂഖിനെയും കുറിച്ചുള്ള വസ്തുതകൾ മനസ്സിലാക്കുന്നതോടെ അതിന്റെ ദൈവികതയും യുക്തിഭദ്രതയും ഏതൊരാൾക്കും ബോധ്യപ്പെടും.

## പ്രതിസന്ധി ഘട്ടങ്ങളിലെ ക്വുനൂത്

## പൗരത്വബില്ലും ഗാന്ധിയൻ സമരമാർഗങ്ങളും

## മുസ്‌ലിംകളുടെ ചരിത്രം അതിജീവനത്തിന്റെതാണ്

Let's scaffold to survive Relief .......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!

In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION

C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437

# നേർപഥം
വാരിക

0154 / 2019 ഡിസംബർ 28 / 1441 ജുമാദൽ അവ്വൽ 2 / പുസ്തകം 3 / ലക്കം 52




# നസ്ഖ്
# പ്രമാണങ്ങൾ എന്തു പറയുന്നു?

ഫൈസൽ പുതുപ്പറമ്പ് / 10


**മുഖമൊഴി**

ഈ പരീക്ഷണത്തെയും നാം അതിജയിക്കും / 05
എഡിറ്റർ

**ലേഖനം**

മൂല്യം നഷ്ടപ്പെട്ട പരീക്ഷാ മൂല്യനിർണയം / 18
സജ്ജാദ് ബിൻ അബ്ദു റസാക്

പ്രവാചകന്റെ വിവേകപൂർണമായ നിലപാടുകൾ / 20
അബ്ബാസ് ചെറുതുരുത്തി

മുസ്‌ലിംകളുടെ ചരിത്രം അതിജീവനത്തിന്റെതാണ് / 23
അബ്ദുൽ മാലിക് സലഫി

പൗരത്വബില്ലും ഗാന്ധിയൻ സമരമാർഗങ്ങളും / 26
നബീൽ പയ്യോളി

പ്രതിസന്ധി ഘട്ടങ്ങളിലെ ക്വുനൂത് / 30
അബൂ ആദിൽ

**ജാലകം**

സ്വന്തത്തെ മറക്കാതിരിക്കുക / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ക്വുർആൻ പാഠം**

അവഗണിക്കപ്പെടുന്ന മാതാപിതാക്കൾ / 16
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ക്വുർആൻ ദർശനം**

ഖലം (പേന), ഭാഗം: 2 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

ഉത്തരവാദിത്തം നിറവേറ്റുക / 34
സലാം സുറുമ എടത്തനാട്ടുകര



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

### പൗരത്വനിയമം പിൻവലിക്കുംവരെ പ്രക്ഷോഭം നടത്താൻ മുസ്‌ലിം സംഘടനകളുടെ തീരുമാനം:

# ജനുവരി രണ്ടിന് സമരപ്രഖ്യാപന സമ്മേളനം

മലപ്പുറം: പാർലമെന്റ് പാസാക്കുകയും രാഷ്ട്രപതി അംഗീകാരം നൽകുകയും ചെയ്ത വിവാദമായ പൗരത്വനിയമം പിൻവലിക്കുന്നത് വരെ പ്രക്ഷോഭം സംഘടിപ്പിക്കാൻ മുസ്‌ലിം സംഘടനകളുടെ യോഗം തീരുമാനിച്ചു. തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും നേതൃത്വം നൽകുന്ന പ്രക്ഷോഭപരിപാടികൾക്ക് യോഗം എല്ലാ പിന്തുണയും പ്രഖ്യാപിച്ചു. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ മലപ്പുറത്ത് വിളിച്ചുചേർത്ത യോഗത്തിലാണ് ഈ തീരുമാനം.

പൗരത്വനിയമത്തിനെതിരെ കേരളത്തിൽ വിവിധ മതേതര സംഘടനകളും സാമൂഹിക, സാംസ്കാരിക സംഘടനകളും എഴുത്തുകാരും ബുദ്ധിജീവികളും രംഗത്തുവന്നതിൽ സന്തോഷമുണ്ടെന്നും അത്തരക്കാരെ യോഗം പ്രശംസിച്ചുവെന്നും തീരുമാനങ്ങൾ വിശദീകരിച്ച് മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. വിഷയത്തിൽ സമാധാനപരമായി വിവിധ സംഘടനകളും കൂട്ടായ്മകളും നടത്തുന്ന എല്ലാവിധ മുന്നേറ്റങ്ങൾക്കും യോഗം പിന്തുണ പ്രഖ്യാപിച്ചു. പ്രക്ഷോഭത്തിൽ പൊതുസമൂഹത്തിൽ നിന്നുള്ളവരെ കൂടുതലായി ഉൾപ്പെടുത്തും.

മതേതര വിശ്വാസികളെയും സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികളെയും പങ്കെടുപ്പിച്ച് പ്രക്ഷോഭപരിപാടികൾ വിശാലമാക്കും. ഇതിന്റെ ഭാഗമായി കൊച്ചിയിൽ ജനുവരി രണ്ടിന് സമരപ്രഖ്യാപന സമ്മേളനം നടത്തുമെന്നും കുഞ്ഞാലിക്കുട്ടി അറിയിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.എ മജീദ് കൺവീനറായ ഉപസമിതിയാണ് തുടർപ്രക്ഷോഭ പരിപാടികൾ ആസൂത്രണം ചെയ്യുക. കൊച്ചിയിലെ സമ്മേളനത്തിന് പിന്നാലെ അടുത്ത് തന്നെ ഡൽഹിയിലും സമരപ്രഖ്യാപന വിളംബരം നടത്തും.

ഇപ്പോൾ തുടങ്ങിയ പ്രക്ഷോഭം പ്രാരംഭ ആളിക്കത്തലിൽ ഒതുക്കാതെ നിയമം പിൻവലിക്കുന്നതുവരെ ഇതുമായി മുന്നോട്ടുപോവുമെന്ന് ഇ.ടി മുഹമ്മദ് ബഷീർ പറഞ്ഞു. സമര പരിപാടികൾ കേരളത്തിൽ മാത്രമാവില്ല, അഖിലേന്ത്യാ തലത്തിലും വ്യാപിപ്പിക്കുമെന്നും ഇ.ടി മുഹമ്മദ് ബഷീർ കൂട്ടിച്ചേർത്തു.

ഹൈദരലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ച യോഗത്തിൽ, പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, ടി.പി അബ്ദുല്ലക്കോയ മദനി, കുഞ്ഞിമുഹമ്മദ് പറപ്പൂർ, എം.ഐ. അബ്ദുൽ അസീസ്, പി. മുജീബുർറഹ്മാൻ, ഡോ. ഫസൽഗഫൂർ, ശിഹാബ് പൂക്കോട്ടൂർ, കെ.പി.എ മജീദ്, അശ്റഫ് ബാഖവി, ടി.എം സയ്യിദ് ഹാശിം ബാഫഖ, ഇ.എം അബൂബക്കർ മൗലവി, സി. അബ്ദുല്ലത്തീഫ്, ഡോ. അൻവർ സാദത്ത്, നിസാർ ഒളവണ്ണ, എൻ.വി അബ്ദുർറഹ്മാൻ, സജ്ജാദ് കെ, റഫീഖ് ടി.കെ, കെ.പി ഫസലുദ്ദീൻ എന്നിവരും സംബന്ധിച്ചു.

## പൗരത്വ ബില്ലിനെതിരെ
### വിസ്ഡം ജനറൽ കൗൺസിലുകൾ പ്രതിഷേധിച്ചു

കാസർഗോഡ്, കണ്ണൂർ, തൃശൂർ, കോട്ടയം ജില്ലകളിൽ നടന്ന വിസ്ഡം ജനറൽ കൗൺസിലുകളിൽ പൗരത്വ ബില്ലിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉയരുകയും പ്രത്യേക പ്രമേയങ്ങൾ പാസാക്കുകയും ചെയ്തു. രാജ്യത്ത് ശക്തിപ്പെട്ട് വരുന്ന യോജിച്ച മുന്നേറ്റത്തിൽ കൗൺസിൽ സന്തുഷ്ടി രേഖപ്പെടുത്തുകയും അത്തരം പ്രതിഷേധ സംഗമങ്ങൾക്ക് കരുത്ത് പകരാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. അടുത്ത മൂന്ന് വർഷത്തെക്കുള്ള സാരഥികളെ കൗൺസിൽ തെരഞ്ഞെടുത്തു. ജനുവരി രണ്ടിന് എറണാകുളത്ത് സംഘടിപ്പിക്കുന്ന സമര പ്രഖ്യാപന സമ്മേളനം വിജയിപ്പിക്കാൻ യോഗം തീരുമാനിച്ചു.

കോട്ടയത്ത് ടി.കെ. അശ്റഫ്, ഷമീർ മദീനി, മുജീബ് ഒട്ടുമ്മൽ, ത്വാഹ റഷാദ് എന്നിവരും തൃശൂരിൽ നാസർ, താജുദ്ദീൻ സ്വലാഹി, യു മുഹമ്മദ് മദനി, സുഹൈൽ പി.യു, ഡോ.നസീഫ് പി.പി എന്നിവരും കാസറഗോഡ് നബീൽ രണ്ടത്താണി, അബ്ദുല്ല ഫാസിൽ, മുഹമ്മദ് അൻവർ, നൂറുദ്ദീൻ സ്വലാഹി എന്നിവരും കണ്ണൂരിൽ ഫൈസൽ മൗലവി, സി.പി.സലീം, നബീൽ രണ്ടത്താണി, മുഹമ്മദ് അൻവർ, അബ്ദുല്ല ഫാസിൽ, നൂറുദ്ദീൻ സ്വലാഹി, പി ലുബൈബ് എന്നിവരും നേതൃത്വം നൽകി.

മലപ്പുറം നോർത്ത്, കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, പാലക്കാട്, എറണാകുളം, മലപ്പുറം വെസ്റ്റ് എന്നിവിടങ്ങളിൽ കൗൺസിൽ ഈ മാസം പൂർത്തിയാക്കും.

മുഖമൊഴി

# ഈ പരീക്ഷണത്തെയും നാം അതിജയിക്കും

ഇന്ത്യ ഇന്ന് വലിയൊരു പ്രതിസന്ധിയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ ഏറ്റവും വലിയ സവിശേഷതകൾ എന്തെല്ലാമാണോ അതെല്ലാം ഇല്ലാതാക്കാനുള്ള, ഇന്ത്യക്ക് ഒട്ടും പരിചയമില്ലാത്ത പുതിയൊരു മുഖം നൽകാനുള്ള തീവ്രശ്രമമാണ് ഭരണകൂടം നടത്തിക്കൊണ്ടിരിക്കുന്നത്. ജനാധിപത്യം, മതനിരപേക്ഷത, വിശ്വാസ സ്വാതന്ത്ര്യം, നാനാത്വത്തിൽ ഏകത്വം, സമത്വം തുടങ്ങിയവ ഇന്ത്യയുടെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്ന മുഖങ്ങളാണ്. അവയിൽ ഓരോന്നും ഘട്ടംഘട്ടമായി ഇല്ലാതാക്കുവാനുള്ള ശ്രമമാണ് കൊണ്ടുപിടിച്ച് നടത്തിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യൻ മണ്ണിൽ ജീവിക്കുവാൻ മറ്റെല്ലാ മതവിശ്വാസികളെയും പോലെ അർഹതയുള്ള മുസ്‌ലിംകളെ രണ്ടാംകിടക്കാരായി കണ്ടുകൊണ്ട്, പൗരത്വത്തിന്റെ പേരു പറഞ്ഞ് രാജ്യത്തുള്ള അവരുടെ നിലനിൽപിനെ ചോദ്യം ചെയ്യുന്ന പുതിയ നിയമങ്ങളിൽ മുസ്‌ലിംകൾ ആശങ്കയിലാണ്. മുസ്‌ലിംകളുടെ മാത്രം പ്രശ്നമല്ല ഇത് എന്ന തിരിച്ചറിവുള്ളതിനാൽ മതേതര ചിന്തയുള്ള എല്ലാ മതവിശ്വാസികളും അല്ലാത്തവരും പാർട്ടികളും ഈ കരിനിയമത്തെ ചെറുത്തു തോൽപിക്കാൻ സമരമുഖത്ത് സജീവമാണ് എന്നത് ഏറെ ആശ്വാസകരമാണ്.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഇതും ഒരു പരീക്ഷണമാണ്. ഇഹലോക ജീവിതത്തെ തീർത്തും ഒരു പരീക്ഷണാലയമായിക്കൊണ്ടാണ് വിശ്വാസികൾ നോക്കിക്കാണേണ്ടത്. അല്ലാഹു പറയുന്നു: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. അത്തരം സന്ദർഭങ്ങളിൽ ക്ഷമിക്കുന്നവർക്ക് സന്തോഷ വാർത്ത അറിയിക്കുക" (ക്വുർആൻ 2:155).

ജീവിതത്തിന്റെ ഏത് മേഖലയിലും പരീക്ഷണങ്ങൾ ഉണ്ടാവാമെന്ന യാഥാർഥ്യമാണ് ഈ വചനം നമ്മെ പഠിപ്പിക്കുന്നത്. പ്രത്യക്ഷത്തിൽ അതെല്ലാം നമുക്ക് പ്രയാസകരമായി അനുഭപ്പെട്ടാലും അതിലെല്ലാം നമുക്ക് ആത്യന്തികമായി നന്മയുണ്ടാകുമെന്ന സത്യം നമ്മൾ അംഗീകരിച്ചേ മതിയാകൂ. പരീക്ഷണങ്ങളിൽ പതറിപ്പോകേണ്ടവരല്ല വിശ്വാസികൾ. ഒരു പ്രയാസം വരുമ്പോഴേക്ക് സ്രഷ്ടാവിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്യുക എന്നത് വലിയ നന്ദികേടാണ്. എന്തു പ്രതിസന്ധി നേരിട്ടാലും നമുക്ക് സംരക്ഷണം തേടാനുള്ളതും സുരക്ഷ നൽകുന്നതും അവൻ മാത്രമാണ്. അവനിലാണ് നാം ഭരമേൽപിക്കേണ്ടത്.

എത്ര വലിയ പ്രതിസന്ധി നേരിട്ടാലും യഥാർഥ വിശ്വാസികൾക്ക് അല്ലാഹുവിനെ കുറിച്ച് സദ്വിചാരമല്ലാതെ ഉണ്ടാവുകയില്ല. എത്ര പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നാലും വിശ്വാസികൾക്കതിൽ സങ്കടമില്ല. കാരണം അല്ലാഹു അവനിഷ്ടപ്പെട്ടവരെ ഏറെ പരീക്ഷങ്ങൾക്ക് വിധേയരാക്കുമെന്ന് നബിﷺ അവരെ പഠിപ്പിച്ചിട്ടുണ്ട്. ആ നേതാവിന്റെ അധ്യാപനങ്ങളെ നെഞ്ചോട് ചേർത്ത് പിടിക്കാൻ അവസരം നൽകിയ റബ്ബിനെ സന്തോഷത്തോടെ സ്തുതിക്കാനേ അവർക്ക് സാധിക്കൂ.


അല്ലാഹു താനിഷ്ടപ്പെട്ടവരെ കൂടുതൽ പരീക്ഷണങ്ങൾക്ക് വിധേയരാക്കുമെന്നാണ് നബിﷺ നമ്മെ അറിയിക്കുന്നത്. സഅദ്ബ്നുഅബീവക്വാസ് (റ) നിവേദനം. നബിﷺ പറഞ്ഞു: "ജനങ്ങളിൽ ഏറ്റവും കഠിനമായി പരീക്ഷിക്കപ്പെടുന്നത് പ്രവാചകൻമാരാണ്. പിന്നെ അതുപോലുള്ളവർ. ഒരു മനുഷ്യൻ അവന്റെ വിശ്വാസത്തിനനുസൃതമായി പരീക്ഷിക്കപ്പെടും. അവന്റെ വിശ്വാസം സുദൃഢമാണെങ്കിൽ അവന്റെ പരീക്ഷണം കഠിനമാകും. അവന്റെ വിശ്വാസം ദുർബലമാണെങ്കിൽ അവന്റെ വിശ്വാസത്തിന്റെ തോതനുസരിച്ച് അവൻ പരീക്ഷിക്കപ്പെടും. ഭൂമിയിൽ പാപരഹിതനായി നടക്കുന്നതുവരെ ഒരടിമ പരീക്ഷിക്കപ്പെട്ടുകൊണ്ടേയിരിക്കും" (തിർമിദി).

സ്രഷ്ടാവിന് കീഴൊതുങ്ങി ജീവിക്കുവാൻ പരീക്ഷണങ്ങൾ വിശ്വാസികളെ പ്രാപ്തരാക്കുന്നു. അല്ലാഹു പറയുന്നു: "ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപ്പെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു." (അൽഹദീദ് 22,23).

ഏത് തരത്തിലുള്ള പരീക്ഷണത്തിലും അത്യന്തികമായി വിശ്വാസികൾക്ക് നന്മയാണുള്ളതെന്ന തിരിച്ചറിവോടുകൂടി സത്യപാതയിൽ അടിയുറച്ച് നിന്ന് കാലിടറാതെ മുന്നേറാൻ നാം ശ്രമിക്കുക. ഈ പരീക്ഷണത്തെയും നാം അതിജയിക്കുക തന്നെ ചെയ്യും. ●

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com





# സ്വന്തത്തെ മറക്കാതിരിക്കുക

**വ**ലിയ തോതിലല്ലെങ്കിലും കുറെയൊക്കെ സൽകർമങ്ങൾ ചെയ്യുന്നവരാണ് നമ്മിലധികമാളുകളും. അവയാണ് പരലോകരക്ഷക്കു വേണ്ടി നമ്മുടെ പക്കലുള്ള നീക്കിയിരിപ്പ് എന്നതിനാൽ അതു നഷ്ടപ്പെടാതിരിക്കാൻ നാം ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്.

മക്കയിൽ റീത്വ എന്നു പേരുള്ള ഒരു സ്ത്രീ ജീവിച്ചിരുന്നു. മനോരോഗിയും എന്നാൽ സമ്പന്നയുമായിരുന്നുവത്രെ ആ സ്ത്രീ. അഞ്ചാറു അടിമ സ്ത്രീകളും അവർക്ക് സ്വന്തമായി ഉണ്ടായിരുന്നു. ആ സ്ത്രീയുടെ കൽപന പ്രകാരം ഈ അടിമകൾ ദിവസവും ഉച്ചനേരം വരെ ഇഴകളെടുത്ത് നൂലുകൾ പിരിച്ചുമുറുക്കാറുണ്ടായിരുന്നു. ഉച്ചക്കു ശേഷം ഈ പിരിച്ചുമുറുക്കി ബലപ്പെടുത്തിയ നൂലുകൾ പിരിയുടച്ച് ഇഴകളാക്കി മാറ്റുവാൻ ആ സ്ത്രീ തന്റെ വേലക്കാരായ അടിമസ്ത്രീകളോടു പറയും. എന്നും ഇതായിരുന്നു ആ സ്ത്രീയുടെ പതിവ്! ഇവർ മാനസിക രോഗിയാണെന്നതിന്റെ തെളിവും ഇത് തന്നെ.

ക്വുർആനിലെ സൂറഃഅന്നഹ്ൽ 92ാം സൂക്തം ഒരു സ്ത്രീയെപ്പറ്റി ഉപമിക്കുന്നുണ്ട്: "ഉറപ്പോടെ നൂൽ നൂറ്റ ശേഷം തന്റെ നൂൽ പല ഇഴകളാക്കി പിരിയുടച്ചുകളഞ്ഞ ഒരു സ്ത്രീയെപ്പോലെ നിങ്ങൾ ആകരുത്..." ഈ പരാമർശം നേരത്തെ പറഞ്ഞ സ്ത്രീയെ സൂചിപ്പിക്കുന്നു എന്ന് ചില ക്വുർആൻ വ്യാഖ്യാതാക്കൾ വിവരിച്ചത് കാണാം.

കരാറുകൾ ലംഘിക്കുന്നതിനെപ്പറ്റി അല്ലാഹു നമ്മെ താക്കീതു ചെയ്യുന്ന സന്ദർഭത്തിലാണ് ഈ വചനം ക്വുർആനിൽ കാണുന്നതെങ്കിലും ചെയ്ത നല്ല കാര്യങ്ങളെ നഷ്ടത്തിലാക്കുന്ന ഏതു സന്ദർഭത്തേക്കും ഈ ആശയം ബാധകമാണെന്ന് ക്വുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഇങ്ങനെ ചെയ്തുറപ്പിച്ച നല്ല കാര്യങ്ങൾ നഷ്ടപ്പെടാനിടവരുന്നത് നിസ്സാരകാര്യങ്ങൾ കാരണമായിരിക്കും. അഹങ്കാരം, പ്രതികാരം, നിരാശാബോധം, തോറ്റുകൊടുക്കാൻ പാടില്ലെന്ന ചിന്ത... ഇങ്ങനെ പലകാര്യങ്ങളാലും നന്മകൾ നഷ്ടപ്പെടുത്താൻ പലർക്കും മടിയില്ല.

വൈകുന്നേരം വരെ വെള്ളം കൊണ്ടുവന്ന കലം വൈകുന്നേരം കുത്തിയുടക്കുക എന്ന അർഥത്തിൽ ഒരു പഴഞ്ചൊല്ലുണ്ട് മലയാളത്തിൽ. വളരെ പണിപ്പെട്ട് ഒരു പാറക്കല്ല് എന്നും മലമുകളിലേക്ക് തള്ളിക്കയറ്റി ഒടുവിൽ മലക്കുമുകളിലെത്തുമ്പോൾ ആ പാറക്കല്ല് താഴേക്ക് ഉരുട്ടിവിട്ട് അത് നോക്കി പൊട്ടിച്ചിരിക്കുന്ന നാറാണത്ത് ഭ്രാന്തന്റെ ഐതിഹ്യം മലയാളികൾക്ക് സുപരിചിതമാണ്. പറയിപെറ്റ പന്തിരുകുലത്തിലെ അംഗമായിരുന്ന ഇതിഹാസ പുരുഷൻ നാറാണത്ത് ഭാന്തനും, മക്കയിൽ ജീവിച്ചു എന്നു പറയപ്പെടുന്ന മനോരോഗിയായ റിത്വയും, ഗ്രീക്ക് പുരാണകഥയിലെ സിസിഫസ് എന്ന കഥാപാത്രവും ഒരേ സന്ദേശമാണ് നൽകുന്നത്. അധ്വാന ഫലങ്ങൾ നഷ്ടപ്പെടുത്തുന്നത് ബുദ്ധിശൂന്യതയാണ് എന്ന സന്ദേശം.

"ഹേ, മനുഷ്യാ, നീ നിന്റെ രക്ഷിതാവിങ്കലേക്ക് കടുത്ത അധ്വാനം നടത്തി ചെല്ലുന്നവനും അങ്ങനെ അവനുമായി കണ്ടുമുട്ടുന്നവനുമാകുന്നു" (ക്വുർആൻ 84:6).

ആരുമിവിടെ അധ്വാനിക്കാതെ ജീവിക്കുന്നില്ല, അവ പലവിധത്തിലാകാം. അല്ലാഹുവിന്റെ മാർഗത്തിൽ, അല്ലാത്ത മാർഗത്തിൽ, അനുവദനീയം, അനനുവദനീയം, നല്ലകാര്യങ്ങൾക്ക്, നശീകരണങ്ങൾക്ക് എന്നിങ്ങനെ പലരും പലവിധം അധ്വാനിക്കുന്നു. ഒരു മുസ്‌ലിമായ വിശ്വാസി അധ്വാനിക്കേണ്ടത് പരലോക രക്ഷക്ക് വേണ്ടിയാണ്. ആ അധ്വാനം പരലോകത്ത് ഉപകരിക്കാതെ പോകുന്നതാകരുത്.

"(നബിയേ,) ആ മൂടുന്ന സംഭവത്തെ സംബന്ധിച്ച വർത്തമാനം നിനക്ക് വന്നുകിട്ടിയോ? അന്നേ ദിവസം ചില മുഖങ്ങൾ താഴ്മകാണിക്കുന്നതും പണിയെടുത്ത് ക്ഷീണിച്ചതുമായിരിക്കും. ചൂടേറിയ അഗ്നിയിൽ അവ പ്രവേശിക്കുന്നതാണ്" (88:1-4).

അതിനാൽ പണി നാം നഷ്ടപ്പെടുത്തരുത്. അപ്പോൾ അവ നഷ്ടത്തിലാകാതിരിക്കാൻ നാമെന്തുവേണം?

ഒന്ന്) ഭൗതികമായ നേട്ടങ്ങളിൽ കണ്ണുവെച്ചു കൊണ്ട് നാം കർമങ്ങൾ ചെയ്യരുത്. അത് ആരാധനാ കർമങ്ങളാവട്ടെ, മത രംഗത്തുള്ള വിവിധ പ്രവർത്തനങ്ങളാവട്ടെ, സാമൂഹ്യസേവനങ്ങളാവട്ടെ; എല്ലാറ്റിലും അല്ലാഹുവിന്റെ പ്രീതിമാത്രം ഉദ്ദേശിക്കുക.



**വൈകുന്നേരം വരെ വെള്ളം കൊണ്ടുവന്ന കലം വൈകുന്നേരം കുത്തിയുടക്കുക എന്ന അർഥത്തിൽ ഒരു പഴഞ്ചൊല്ലുണ്ട് മലയാളത്തിൽ. വളരെ പണിപ്പെട്ട് ഒരു പാറക്കല്ല് എന്നും മലമുകളിലേക്ക് തള്ളിക്കയറ്റി ഒടുവിൽ മലക്കുമുകളിലെത്തുമ്പോൾ ആ പാറക്കല്ല് താഴേക്ക് ഉരുട്ടിവിട്ട് അത് നോക്കി പൊട്ടിച്ചിരിക്കുന്ന നാറാണത്ത് ഭ്രാന്തന്റെ ഐതിഹ്യം മലയാളികൾക്ക് സുപരിചിതമാണ്. പറയിപെറ്റ പന്തിരുകുലത്തിലെ അംഗമായിരുന്ന ഇതിഹാസ പുരുഷൻ നാറാണത്ത് ഭാന്തനും, മക്കയിൽ ജീവിച്ചു എന്നു പറയപ്പെടുന്ന മനോരോഗിയായ റിത്വയും, ഗ്രീക്ക് പുരാണകഥയിലെ സിസിഫസ് എന്ന കഥാപാത്രവും ഒരേ സന്ദേശമാണ് നൽകുന്നത്. അധ്വാന ഫലങ്ങൾ നഷ്ടപ്പെടുത്തുന്നത് ബുദ്ധിശൂന്യതയാണ് എന്ന സന്ദേശം.**

**തിഹാമ മരുഭൂമിയിലെ വെളുത്ത വൻമലകൾ കണക്കെ സൽകർമങ്ങളുമായി പരലോകത്ത് ഹാജറാക്കപ്പെടുന്ന ആളുകളെപ്പറ്റി നബിﷺ പറഞ്ഞു: എന്നിട്ട് ആ കർമങ്ങളൊക്കെ അവരിൽ നിന്ന് അല്ലാഹു സ്വീകരിക്കാതെ കാറ്റിൽ പറത്തികളയും. നല്ല നല്ല സൽകർമങ്ങൾ നിർവഹിച്ചവരും നിശാ സമയങ്ങളിൽ പോലും സൽകർമങ്ങളിൽ മുഴുകിയവരുമായിരുന്നു അവർ. പക്ഷേ, ആരുമറിയാതെ തനിച്ചാകുമ്പോൾ,തക്കം കിട്ടുമ്പോൾ നിഷിദ്ധകാര്യങ്ങളിൽ ഏർപ്പെടാൻ അവർ മടി കാണിച്ചിരുന്നില്ല! അതിനാൽ നാം ശ്രദ്ധിക്കുക! നാളേക്ക് വേണ്ടി കുറ്റം തീർത്ത് സൽകർമങ്ങൾ വല്ലതും നാം ബാക്കിവെച്ചിട്ടുണ്ടോ? അത് പോരാ! ഈ കർമങ്ങളുടെ ഫലം നഷ്ടപ്പെടുന്ന പ്രവൃത്തികൾ മനസാവാചാകർമണാ നമ്മിൽ നിന്ന് സംഭവിക്കാറുണ്ടോ? ഉണ്ടെങ്കിൽ ഒന്നുമില്ലാത്തവരായി നാം പരലോകത്ത് ഹാജറാക്കപ്പെടുകയില്ലേ?**



രണ്ട്) ചെയ്യുന്ന കാര്യങ്ങൾ പ്രമാണങ്ങളുടെ പിന്തുണയുള്ളതാണെന്ന് ഉറപ്പ് വരുത്തുക. കേട്ടുകേൾവിയും നാട്ടുനടപ്പും അന്ധമായ അനുകരണവും സംഘടനാപരമായ അമിതാവേശവും നമ്മുടെ ഒരു പ്രവർത്തനങ്ങളുടെയും അടിസ്ഥാനമാവരുത്. പ്രമാണങ്ങളിൽ നിന്ന് വ്യക്തമായതാണെങ്കിൽ ആ പ്രമാണങ്ങൾ മുറുകെ പിടിക്കണം. ക്വുർആനും നബിചര്യയുമാണ് നമ്മുടെ അടിസ്ഥാന പ്രമാണങ്ങൾ. അവ അടിസ്ഥാനമാക്കി സച്ചരിതരായ പൂർവികർ ചെയ്തതാണ് നമ്മുടെ മാതൃക. അല്ലാഹു നിശ്ചയിച്ച പ്രമാണങ്ങൾക്കെതിരായി ചെയ്ത പ്രവർത്തനങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്ന് പ്രതിഫലം ലഭിക്കുന്നതല്ല എന്ന് ഉറപ്പാണല്ലോ. മറിച്ചായാൽ ആ അധ്വാനങ്ങൾ നമുക്ക് നഷ്ടമായിരിക്കുന്നതല്ല. ഇനി കൂടിയാലോചിച്ചു ചെയ്യേണ്ടവയാണെങ്കിൽ സത്യസന്ധമായി കൂടിയാലോചന നടത്തി ചെയ്യുക. ബാക്കി അല്ലാഹുവിൽ ഭരമേൽപിക്കുക. അതല്ലാതെ ഇന്ന വ്യക്തിക്കനുകൂലമാകണം, ഇന്നയാളെ എന്തുവന്നാലും എതിർക്കണം, ഇന്ന പക്ഷത്തെ പിന്തുണക്കണം എന്ന മുൻധാരണ പൊതുകാര്യങ്ങളിൽ ഉണ്ടായിക്കൂടാ. കാരണം അവ കർമഫലം പരലോകത്ത് നഷ്ടപ്പെടാൻ ഇടവരുത്തുന്നതാണ്. എന്നാൽ ആത്മാർഥമായ ശ്രദ്ധയോടുകൂടിയുള്ള കാര്യങ്ങളിൽ അല്ലാഹുവിന്റെ തൃപ്തിയും സഹായവും ലഭിക്കുകയും ചെയ്യും.

മൂന്ന്) നാം ചെയ്യുന്ന സൽകർമങ്ങൾ മറ്റുള്ളവർക്ക് കൊടുത്തു വീട്ടിയതിനു ശേഷം പരലോകത്ത് പാപ്പരായി തീരുന്ന ചില അവസരങ്ങളെ സംബന്ധിച്ച് നബിﷺ പഠിപ്പിച്ചു തന്നിട്ടുണ്ട്.

അന്യരെപ്പറ്റി പരദൂഷണം പ്രചരിപ്പിക്കുക, ചീത്തവിളിച്ച് അപമാനിക്കുക, അന്യരുടെ ധനം തിന്നുക, രക്തം ചിന്തുക തുടങ്ങിയ ദുഷ്പ്രവൃത്തികൾ ചെയ്തവർ എത്ര സൽകർമങ്ങൾ ചെയ്തവരാണെങ്കിലും പരലോകത്ത് ആ സൽകർമങ്ങളെടുത്ത് നാം കടം വീട്ടേണ്ടി വരും. കടം കൊടുക്കാതിരിക്കുന്നവരും കൊടുത്തു വീട്ടേണ്ടതായ സകാത്ത് തുടങ്ങിയ സമ്പത്ത് ബാക്കി വെച്ചു ജീവിക്കുന്നവരും പരലോകത്ത് സ്വന്തം സൽകർമങ്ങളെടുത്ത് കടം വീട്ടേണ്ടി വരും. 'ഹദീഥുൽ മുഫ്‌ലിസ്' എന്നറിയപ്പെടുന്ന അന്ത്യദിനത്തിൽ പാപ്പരായവനെപ്പറ്റി നബിﷺ വിശദീകരിക്കുന്ന ഒരു ഹദീഥ് മുസ്‌ലിം ഉദ്ധരിച്ചതിന്റെ ചുരുക്കമാണ് മേൽപ്പറഞ്ഞത്. വിവരണ ദൈർഘ്യം ഭയന്ന് ഹദീഥ് ഇവിടെ ചേർത്തിട്ടില്ല

നാല്) പർവതം കണക്കെ ഗംഭീരമായ സൽകർമങ്ങളുമായി അന്ത്യദിനത്തിൽ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്ന ഒരു വിഭാഗത്തെപ്പറ്റി നബിﷺ വിവരിച്ച മറ്റൊരു ഹദിഥ് ഇബ്നുമാജ ഉദ്ധരിച്ചത് സ്വഹീഹായി വന്നിട്ടുണ്ട്. ആ ഹദീഥിന്റെ ചുരുക്കം ഇതാണ്:

തിഹാമ മരുഭൂമിയിലെ വെളുത്ത വൻമലകൾ കണക്കെ സൽകർമങ്ങളുമായി പരലോകത്ത് ഹാജറാക്കപ്പെടുന്ന ആളുകളെപ്പറ്റി നബിﷺ പറഞ്ഞു: എന്നിട്ട് ആ കർമങ്ങളൊക്കെ അവരിൽ നിന്ന് അല്ലാഹു സ്വീകരിക്കാതെ കാറ്റിൽ പറത്തികളയും. നല്ല നല്ല സൽകർമങ്ങൾ നിർവഹിച്ചവരും നിശാ സമയ

ങ്ങളിൽ പോലും സൽകർമങ്ങളിൽ മുഴുകിയവരുമായിരുന്നു അവർ. പക്ഷേ, ആരുമറിയാതെ തനിച്ചാകുമ്പോൾ,തക്കം കിട്ടുമ്പോൾ നിഷിദ്ധകാര്യങ്ങളിൽ ഏർപ്പെടാൻ അവർ മടി കാണിച്ചിരുന്നില്ല!


അതിനാൽ നാം ശ്രദ്ധിക്കുക! നാളേക്ക് വേണ്ടി കുറ്റം തീർത്ത് സൽകർമങ്ങൾ വല്ലതും നാം ബാക്കിവെച്ചിട്ടുണ്ടോ? അത് പോരാ! ഈ കർമങ്ങളുടെ ഫലം നഷ്ടപ്പെടുന്ന പ്രവൃത്തികൾ മനസാവാചാകർമണാ നമ്മിൽ നിന്ന് സംഭവിക്കാറുണ്ടോ? ഉണ്ടെങ്കിൽ ഒന്നുമില്ലാത്തവരായി നാം പരലോകത്ത് ഹാജറാക്കപ്പെടുകയില്ലേ? അപ്പോൾ മതവും പടച്ചവനും ഇല്ലാതെ, ശരിയും തെറ്റും വേർതിരിക്കാതെ തോന്നിവാസികളായി ജീവിച്ച് മരിച്ചവരും, ദീനിന്റെയും സൽകർമങ്ങളുടെയും ആളുകളായി ജീവിച്ചു മരിച്ചവരും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടാവുമോ?

മത പ്രവർത്തന രംഗം ഇക്കാലത്ത് വളരെയധികം ശ്രദ്ധിച്ചു വേണം നാം കൈകാര്യം ചെയ്യാൻ. പരസ്പരം പരിഹാസവും തെറിവിളികളും അന്യായമായ ആക്ഷേപങ്ങളും പാരയും വിദ്വേഷവും ഈ മേഖലയിൽ ഏറിവരികയാണ്. തൽക്കാലം ജയിക്കണമെന്നതിലുപരി നാളെ എല്ലാം ചോദ്യം ചെയ്യപ്പെടുമെന്ന ബോധം നഷ്ടമായിക്കൊണ്ടിരിക്കുന്നു. പരലോകത്തെ നഷ്ടം മാത്രമല്ല ഇഹലോകത്തുപോലും നഷ്ടം കൺമുമ്പിൽ കാണുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. നബിﷺയും സ്വഹാബത്തും സച്ചരിതരായ സലഫുസ്സ്വാലിഹുകളും കൈമാറിവന്ന ആദർശസംഹിതകളിൽ പൗരോഹിത്യത്തിന്റെ ഇടപെടൽ മൂലം ഒട്ടേറെ അന്ധവിശ്വാസങ്ങളും ജീർണതകളും കടന്നുകൂടി. മതനിരാസ ചിന്തകരുടെ നിഗൂഢ പ്രവർത്തനഫലമായി ക്വുർആൻ - ഹദീഥ് ദുർവ്യാഖ്യാന സമീപനങ്ങളും ബുദ്ധിക്ക് നിരക്കാത്തത് തള്ളണമെന്ന അൽപജ്ഞാനികളുടെ ധാർഷ്ട്യവും വർധിച്ചുവരുന്നു. ഈ ബഹുമുഖ വെല്ലുവിളികൾക്കിടയിലാണ് കേരളക്കരയിൽ ഇസ്‌ലാഹി പ്രസ്ഥാനം ഒരു നൂറ്റാണ്ടുകാലം പിടിച്ചുനിന്ന് പ്രതിരോധിച്ചതും അതിജീവിച്ചതും.

കെ.എം. മൗലവി(റഹ്) മുതൽ കെ.പി. മുഹമ്മദ് മൗലവി(റഹ്)വരെയുള്ള ഒട്ടനേകം പണ്ഡിത നേതാക്കളാണ് ഈ സമുദായത്തെ നേരിന്റെ പാതയിലേക്ക് കൈപിടിച്ചുയർത്തിയത്. അങ്ങനെയാണ് ഇസ്‌ലാഹി പ്രസ്ഥാനം കേരളക്കരയിൽ ആദർശപ്രബോധനമാർഗത്തിൽ ഉന്നതങ്ങളിലെത്തിയത്. അങ്ങനെയാണ് അന്ധവിശ്വാസങ്ങളുടെ ഇരുളുകളിൽ നിന്ന് കേരളീയ സമൂഹം ഒരു പരിധി വരെയെങ്കിലും മുക്തിനേടിയത്. ആ ഔന്നത്യത്തെ താഴേക്ക് തള്ളിയിട്ട് അതു കണ്ട് ആസ്വദിക്കാൻ ആർക്കും ഇടം കൊടുക്കരുത് നാം.

ചുരുക്കത്തിൽ, നാം പ്രവൃത്തിക്കുന്നതൊന്നും നമുക്ക് നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. നാളേക്കുവേണ്ടി നാം ഒരുക്കിവെച്ചത് എന്തെല്ലാമാണ് എന്ന് സദാ ശ്രദ്ധിച്ചു കൊണ്ടിരിക്കണം. കുറഞ്ഞ ആയുഷ്കാലത്ത് മസിൽപിടിച്ച് സ്വയം നശിക്കാതെ നാളേക്കുവേണ്ടി നമ്മുടെ സ്വന്തത്തിന്നും അടുത്ത തലമുറക്കുവേണ്ടി സമൂഹത്തിന്നും നന്മകൾ കരുതിവെക്കാൻ ഒന്നിക്കുക.

"സത്യവിശ്വാസികളേ... നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക ഓരോവ്യക്തിയും താൻ നാളേക്കുവേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തിട്ടുള്ളതെന്ന് നോക്കട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമമായി അറിയുന്നവനാണ്. അല്ലാഹുവെ മറന്നുകളഞ്ഞ ഒരു വിഭാഗത്തെ പ്പോലെ നിങ്ങളാകരുത്. അത്മൂലം അല്ലാഹു അവർക്ക് തങ്ങളെപ്പറ്റിതന്നെ ഓർമയില്ലാതാക്കി. അക്കൂട്ടർ തന്നെയാണ് ദുർമാർഗികൾ." (ക്വുർആൻ 59:18,19)



**മത പ്രവർത്തന രംഗം ഇക്കാലത്ത് വളരെയധികം ശ്രദ്ധിച്ചു വേണം നാം കൈകാര്യം ചെയ്യാൻ. പരസ്പരം പരിഹാസവും തെറിവിളികളും അന്യായമായ ആക്ഷേപങ്ങളും പാരയും വിദ്വേഷവും ഈ മേഖലയിൽ ഏറിവരികയാണ്. തൽക്കാലം ജയിക്കണമെന്നതിലുപരി നാളെ എല്ലാം ചോദ്യം ചെയ്യപ്പെടുമെന്ന ബോധം നഷ്ടമായിക്കൊണ്ടിരിക്കുന്നു. പരലോകത്തെ നഷ്ടം മാത്രമല്ല ഇഹലോകത്തുപോലും നഷ്ടം കൺമുമ്പിൽ കാണുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.**

ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com

കവർ സ്റ്റോറി



# നസ്ഖ്
# പ്രമാണങ്ങൾ എന്തു പറയുന്നു?

**ക്വുർആനിന്റെ ആധികാരികത ചോദ്യം ചെയ്യാൻ വിമർശകർ എക്കാലത്തും ഉപയോഗിച്ചിരുന്ന പ്രചാരണായുധമാണ് നസ്ഖ്. ഗഹനമായ പഠനത്തിന് താൽപര്യമില്ലാത്തവരെയും ദുർബല വിശ്വാസികളെയും തെറ്റുധരിപ്പിക്കാൻ എടുത്തുപയോഗിക്കുന്ന ക്വുർആനിലെ നസ്ഖിനെയും മൻസൂഖിനെയും കുറിച്ചുള്ള വസ്തുതകൾ മനസ്സിലാക്കുന്നതോടെ അതിന്റെ ദൈവികതയും യുക്തിഭദ്രതയും ഏതൊരാൾക്കും ബോധ്യപ്പെടും.**

ക്വുർആനിക വിജ്ഞാനീയങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് 'നസ്ഖ്' അഥവാ ദുർബലപ്പെടുത്തപ്പെട്ട വചനങ്ങളെ കുറിച്ചുള്ള അറിവ്. അല്ലാഹു അവതരിപ്പിച്ച ഒരു നിയമത്തെയോ വചനത്തെയോ അവൻ തന്നെ മാറ്റം വരുത്തി പുതിയ നിയമം അവതരിപ്പിക്കുന്നതിനാണ് നസ്ഖ് എന്ന് സാങ്കേതികമായി പറയുന്നത്. ഇത് അറിയാത്ത ഒരാൾ മതം കൈകാര്യം ചെയ്താൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകും. അതിനാൽ സ്വഹാബിമാർ മുതലുള്ളവർ മതം കൈകാര്യം ചെയ്യാനുള്ള അടിസ്ഥാനയോഗ്യതയായി നാസിഖ്, മൻസൂഖ് (ദുർബലപ്പെടുത്തപ്പെട്ട വചനം/നിയമം ആദ്യ വചനത്തെ ദുർബലമാക്കി എന്നറിയിക്കുന്ന പുതിയ നിയമം/വചനം) എന്നിവയെക്കുറിച്ചുള്ള അറിവിനെ കണക്കാക്കിയിരുന്നു. ഒരിക്കൽ നാലാം ഖലീഫ അലി ؓ

പള്ളിയിൽ ഉദ്ബോധനം നടത്തുന്ന ഒരാൾക്കരികിലൂടെ കടന്നുപോയി. അദ്ദേഹം ചോദിച്ചു. “നിനക്ക് നാസിഖ് മൻസൂഖ് അറിയുമോ?” അയാൾ പറഞ്ഞു: “ഇല്ല.” അലി ﷺ പറഞ്ഞു: “എങ്കിൽ നീ സ്വയം നശിക്കുകയും മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്തു.” ഇത്തരം ആളുകൾ ഇനി മുതൽ ഉദ്ബോധനം നടത്തരുതെന്ന കൽപന പോലും അലി ﷺ പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. മഹാനായ ഇബ്നു അബ്ബാസ് ﷺൽ നിന്നും സമാനമായ സംഭവം ഉദ്ധരിക്കപ്പെട്ടുന്നുണ്ട്.

ഈ രംഗത്തെ അജ്ഞത പല തെറ്റിദ്ധാരണകൾക്കും ഒരുവേള ക്വുർആൻ നിഷേധങ്ങളിലേക്കും വരെ പലരെയും കൊണ്ടെത്തിക്കുന്നു.

## എന്താണ് നസ്ഖ്?

കോപ്പി ചെയ്യൽ, ഉദ്ധരിക്കൽ, ഒഴിവാക്കൽ, ഉയർത്തൽ എന്നൊക്കെ അതിന് അർഥം പറയാം.

ക്വുർആനിലെ നസ്ഖ് എന്ന് പറയുമ്പോൾ ‘ഉയർത്തൽ’ എന്നതാണ് അർഥം. ഒരു വചനം/നിയമം മാറ്റി പകരം മറ്റൊരു നിയമം കൊണ്ടുവരൽ എന്നർഥം.

അഥവാ ക്വുർആനിലോ ഹദീസിലോ അല്ലാഹു നിയമമാക്കി പഠിപ്പിച്ച ഒരു കാര്യത്തെ ക്വുർആനിന്റെയോ ഹദീസിന്റെയോ വചനത്തിലൂടെ അല്ലാഹു തന്നെ മാറ്റം വരുത്തി പുതിയ നിയമം അറിയിക്കലാണ് നസ്ഖ്.

## എന്ത് കൊണ്ട് നസ്ഖ്?

മനുഷ്യർക്ക് ഓരോ അവസരത്തിലും ഏറ്റവും നല്ലത് ഏത് എന്നും ഒരു നിയമം നടപ്പാക്കുന്ന രംഗത്ത് എങ്ങനെയാണ് അത് വേണ്ടത് എന്നും ഏറ്റവും നന്നായി അറിയാവുന്നവൻ അല്ലാഹു മാത്രമാണ്. അതിനാൽ തന്റെ അടിമകൾക്ക് ഏറ്റവും വലിയ നന്മ എന്താണോ അതിനനുസൃതമായി അല്ലാഹു നിയമങ്ങൾ പഠിപ്പിക്കുന്നു.

അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് നസ്ഖ്. ചിലരെങ്കിലും തെറ്റിദ്ധരിക്കുകയോ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നത് എല്ലാം അറിയുന്ന അല്ലാഹുവിന് എന്താണ് നസ്ഖിന്റെ ആവശ്യം, ആദ്യമെ യഥാർഥ നിയമം പഠിപ്പിച്ചാൽ പോരേ എന്നൊക്കെ ചോദിച്ചുകൊണ്ടാണ്.

നസ്ഖിനെ കുറിച്ചുള്ള അജ്ഞതയിൽ നിന്നാണ് ഈ ചോദ്യം ഉടലെടുക്കുന്നത്. വിശ്വാസ സംബന്ധമായ കാര്യങ്ങളിലോ ചരിത്രപരമായ കാര്യങ്ങൾ വിവരിക്കുന്ന വചനങ്ങളിലോ ഒരിക്കലും നസ്ഖ് ഇല്ല. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ അല്ലാഹുവിന് എല്ലാം അറിയില്ലേ, പിന്നെന്തേ അന്ന് അങ്ങനെ പറഞ്ഞു, ഇപ്പോൾ ഇങ്ങനെ മാറ്റിപ്പറഞ്ഞു എന്നൊക്കെയുള്ള ചോദ്യം പ്രസക്തമാകുമായിരുന്നു. മൊത്തം സമൂഹത്തിന് പൊതു നൻമയായി പഠിപ്പിച്ച ഒരു കാര്യവും നസ്ഖ് ചെയ്തിട്ടില്ല. സ്വഭാവ സംബന്ധമായി അല്ലാഹു ഒരിക്കൽ അവതരിപ്പിച്ച നിയമവും നസ്ഖ് ചെയ്യപ്പെട്ടിട്ടില്ല.

എന്നാൽ നിങ്ങൾ ഇങ്ങനെ ചെയ്യണം എന്ന് നിർദേശിച്ച് കൊണ്ട് ഒരു നിയമം അവതരിപ്പിക്കുകയും പിന്നീട് ഇനി മുതൽ നിങ്ങൾ ഇങ്ങനെ ചെയ്ത് കൊള്ളുക എന്ന് അതിൽ ഭേദഗതി നൽകുകയും ചെയ്യുന്നു. അതാണ് നസ്ഖ്. ഇത് ശരിയല്ല എന്ന് ബുദ്ധിയുള്ള ആരെങ്കിലും പറയുമോ?

അത് തന്നെയും വഹ്‌യ് അവതരിച്ച് കൊണ്ടിരുന്ന കാലത്ത്, ഒരു ജനസമൂഹത്തെ രൂപപ്പെടുത്തിയെടുക്കുന്ന കാലഘട്ടത്തിൽ മാത്രം. വഹ്‌യ് പൂർത്തിയായതിന് ശേഷം പിന്നെ നസ്ഖില്ല.

കാലങ്ങളായി അവർ ശീലിച്ചുവന്ന തെറ്റായ ഒരു ശീലത്തെ മാറ്റിയെടുക്കുന്നതിലോ ജീവിത രീതിയെ തന്നെ മാറ്റിമറിക്കുന്ന പുതിയ ഒരു ശീലം ഉണ്ടാക്കിയെടുക്കുന്നതിലോ ആണ് അധിക നസ്ഖും ഉണ്ടായിട്ടുള്ളത്.



രണ്ട് ഉദാഹരണങ്ങൾ കാണുക:

**1. മദ്യനിരോധനം**

കാലങ്ങളായി മദ്യത്തിൽ മുഴുകി ജീവിച്ച് വരുന്ന ഒരു ജനവിഭാഗത്തിൽ സമ്പൂർണ മദ്യനിരോധനം ഇസ്‌ലാം നടപ്പാക്കിയത് നാല് ഘട്ടങ്ങളിലായിട്ടാണ്:

1. അത് നല്ല ഒരു പാനീയമല്ല എന്ന് ആദ്യം പറഞ്ഞുവെച്ചു.

"ഈന്തപ്പനകളുടെയും മുന്തിരിവള്ളികളുടെയും ഫലങ്ങളിൽ നിന്നും (നിങ്ങൾക്കു നാം പാനീയം നൽകുന്നു). അതിൽ നിന്ന് ലഹരി പദാർഥവും ഉത്തമമായ ആഹാരവും നിങ്ങളുണ്ടാക്കുന്നു."

2. അതിൽ കുറച്ചൊക്കെ നേട്ടങ്ങൾ ഉണ്ടെങ്കിലും അതിലേറെ വലിയ ഭവിഷ്യത്തുകൾ ഉണ്ട് എന്ന് അറിയിച്ചു.

"(നബിയേ,) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തെക്കാൾ വലുത്..."(2:219).

**അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് നസ്ഖ്. വിശ്വാസ സംബന്ധമായ കാര്യങ്ങളിലോ ചരിത്രപരമായ കാര്യങ്ങൾ വിവരിക്കുന്ന വചനങ്ങളിലോ ഒരിക്കലും നസ്ഖ് ഇല്ല. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ അല്ലാഹുവിന് എല്ലാം അറിയില്ലേ, പിന്നെന്തേ അന്ന് അങ്ങനെ പറഞ്ഞു, ഇപ്പോൾ ഇങ്ങനെ മാറ്റിപ്പറഞ്ഞു എന്നൊക്കെയുള്ള ചോദ്യം പ്രസക്തമാകുമായിരുന്നു. മൊത്തം സമൂഹത്തിന് പൊതു നൻമയായി പഠിപ്പിച്ച ഒരു കാര്യവും നസ്ഖ് ചെയ്തിട്ടില്ല. സ്വഭാവ സംബന്ധമായി അല്ലാഹു ഒരിക്കൽ അവതരിപ്പിച്ച നിയമവും നസ്ഖ് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ നിങ്ങൾ ഇങ്ങനെ ചെയ്യണം എന്ന് നിർദേശിച്ച് കൊണ്ട് ഒരു നിയമം അവതരിപ്പിക്കുകയും പിന്നീട് ഇനി മുതൽ നിങ്ങൾ ഇങ്ങനെ ചെയ്ത് കൊള്ളുക എന്ന് അതിൽ ഭേദഗതി നൽകുകയും ചെയ്യുന്നു. അതാണ് നസ്ഖ്. ഇത് ശരിയല്ല എന്ന് ബുദ്ധിയുള്ള ആരെങ്കിലും പറയുമോ?**

3. നമസ്‌കാര സമയത്ത് ലഹരി ബാധിതരായി വരാൻ പാടില്ല എന്ന് പറഞ്ഞു.

"സത്യവിശ്വാസികളേ, ലഹരിബാധിച്ചവരായിക്കൊണ്ട് നിങ്ങൾ നമസ്‌കാരത്തെ സമീപിക്കരുത്; നിങ്ങൾ പറയുന്നതെന്തെന്ന് നിങ്ങൾക്ക് ബോധമുണ്ടാകുന്നത് വരെ..." (4:43).

4. ക്വുർആനിൽ അവസാനമിറങ്ങിയ അധ്യായങ്ങളിൽ ഒന്നായ അഞ്ചാം അധ്യായം സൂറതുൽ മാഇദയിലൂടെ മദ്യം പൂർണമായും നിരോധിച്ചു.

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം..."(5:90).

ഇന്ന് നാം ജീവിതത്തിൽ പാലിക്കേണ്ടത് നാലാമതായി പറഞ്ഞതാണ്. അതിനർഥം മറ്റു മൂന്ന് ക്വുർആൻ വചനങ്ങൾ നഷ്ടപ്പെട്ടു പോയി എന്നാണോ? അല്ലാഹുവിന് ആദ്യമെ സമ്പൂർണ നിരോധനം പ്രഖ്യാപിച്ചാൽ മതിയായിരുന്നില്ലേ എന്ന് സാമാന്യബുദ്ധിയുള്ള ഒരാൾ ചോദിക്കുമോ?

ആഇശ ﵂ പറയുന്ന ഒരു സംഭവം ഇമാം ബുഖാരി ഉദ്ധരിച്ചത് നോക്കു:

"അല്ലാഹു ആദ്യം അവതരിപ്പിച്ചത് നരക സ്വർഗങ്ങളെ പരാമർശിക്കുന്ന വചനങ്ങൾ അടങ്ങിയ അധ്യായങ്ങളാണ്. പിന്നീട് ജനങ്ങൾ മതം ഉൾക്കൊണ്ടവരായി തീർന്നപ്പോഴാണ് നിയമങ്ങൾ അവതരിച്ചത്

നിങ്ങൾ മദ്യപിക്കരുത് എന്ന വചനമായിരുന്നു ആദ്യമായി അവതരിച്ചിരുന്നതെങ്കിൽ ഞങ്ങൾ ഒരിക്കലും മദ്യം ഉപേക്ഷിക്കുകയില്ലെന്ന് അവർ പറയുമായിരുന്നു

നിങ്ങൾ വ്യഭിചരിക്കരുത് എന്നായിരുന്നു ആദ്യമേ അവതരിപ്പിച്ചതെങ്കിൽ അവർ പറയുമായിരുന്നു - ഞങ്ങൾ ഒരിക്കലും വ്യഭിചാരം ഉപേക്ഷിക്കുകയില്ല എന്ന്." (ബുഖാരി)

**2. നോമ്പ്**

റമദാനിലെ നോമ്പ് നിർബന്ധമാക്കിക്കൊണ്ട് നിയമം അവതരിച്ച ആദ്യഘട്ടത്തിൽ അല്ലാഹു പറഞ്ഞു: "...(ഞെരുങ്ങിക്കൊണ്ട് മാത്രം) അതിന്നു സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവന്നുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്..." (2:184).

എന്നാൽ പിന്നീട് അല്ലാഹു പറഞ്ഞു: "... നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്..."(2:185).

ഈ ഉദാഹരണങ്ങളിൽ നിന്ന് എന്താണ് നസ്ഖ് എന്ന് കൃത്യമായി ഗ്രഹിക്കാമല്ലോ

നസ്ഖ് മൂന്ന് രൂപത്തിൽ വരാം:



**ചിലർക്കുള്ള സംശയം നിയമം ദുർബലമാക്കപ്പെട്ട ഒരു വചനം പിന്നെയും ക്വുർആനിൽ നില നിർത്തുന്നതിന്റെ യുക്തി എന്ത് എന്നാണ്. ധാരാളം യുക്തികൾ അതിലുണ്ട്. വചനത്തിൽ ഉൾക്കൊള്ളുന്ന നിയമം മാത്രമെ ദുർബലമാകുന്നുള്ളൂ. എന്നാൽ വചനത്തിന്റെ അമാനുഷികത, ഭാഷാസാഹിത്യത്തിലെ ദൈവികത, പാരായണത്തിന്റെ പ്രതിഫലം എന്നിവയൊന്നും ദുർബലമാകുന്നില്ല. അവയെല്ലാം ഇന്നും നില നിൽക്കുന്നു. മാത്രവുമല്ല അത് പഴയകാല നിയമങ്ങളെ ഓർമിപ്പിക്കുകയും അത്‌വഴി കൂടുതൽ നന്ദിയുള്ളവരാകാനും സാധിക്കും എന്നത് കൂടി ലക്ഷ്യമാണ്.**

1. വചനം നിലനിൽക്കും; നിയമം ഇല്ലാതാകും. മുകളിൽ പറഞ്ഞ ഉദാഹരണം തന്നെ ഇതിന് തെളിവ്.

2. നിയമം നിലനിലനിൽക്കും; വചനം ഇല്ലാതാകും. ഉദാ: വിവാഹിതൻ വ്യഭിചരിച്ചാൽ എറിഞ്ഞ് കൊല്ലണമെന്ന നിയമം.

ആ നിയമം നബിﷺയുടെ കാലം മുതൽ ഇന്ന് വരെ നിലനിൽക്കുന്നുണ്ട്. ക്വുർആനിൽ പാരായണം ചെയ്യപ്പെടുന്ന വചനമായി തന്നെ ആദ്യഘട്ടത്തിൽ ഇത് അവതരിച്ചിരുന്നു. പിന്നീട് അല്ലാഹു ആ വചനം ഒഴിവാക്കി. ക്വുർആനിൽ നിന്ന് അത് ഒഴിവാക്കിയെങ്കിലും ധാരാളം ഹദീസുകളിൽ അത് സ്ഥിരപ്പെട്ട് കിടക്കുന്നു.

3. വചനവും നിയമവും എടുത്തുകളയും. ഉദാ: മുലകുടി ബന്ധം.

പത്ത് തവണ മുലയൂട്ടിയാലാണ് ഒരു കുട്ടിക്ക് ഒരു സ്ത്രീയുമായി മുലകുടി ബന്ധം സ്ഥിരപ്പെടുക എന്ന് ക്വുർആനിൽ വചനമായി തന്നെ ആദ്യം അവതരിച്ചിരുന്നു. പിന്നീട് ആ വചനവും ആ നിയമവും മാറ്റപ്പെട്ടു.

ആഇശ رضي الله عنها പറയുന്നു: "പത്ത് തവണ മുലയൂട്ടണമെന്ന നിയമം അല്ലാഹു ക്വുർആനിൽ വചനമായി ആദ്യം അവതരിപ്പിച്ചിരുന്നു. പിന്നീട് അത് അഞ്ച് തവണ മുലയൂട്ടിയാൽ മതി എന്ന നിയമം മുഖേന ദുർബ്ബലപ്പെടുത്തപ്പെട്ടു. പ്രവാചക വിയോഗത്തിന് ശേഷവും (ഈ വചനം ദുർബലപ്പെടുത്തപ്പെട്ടു എന്നറിയാത്തവർ) അത് പാരായണം ചെയ്തിരുന്നു" (ബുഖാരി). അഥവാ അത്രയും അവസാന കാലത്താണ് പ്രസ്തുത നിയമത്തിൽ ഭേദഗതിയുണ്ടായത് എന്നർഥം (ഫത്ഹുൽ ബാരി).

ചില വചനങ്ങൾ അല്ലാഹു നീക്കം ചെയ്യുമ്പോൾ അന്ന് അത് ഹൃദിസ്ഥമാക്കിയിരുന്നവരുടെ മനസ്സുകളിൽ നിന്ന് പോലും അത് മായ്ക്കപ്പെട്ട് പോയ സംഭവം ഉണ്ട്. എന്ന് മാത്രമല്ല അത് എഴുതിവെച്ച രേഖയിൽ നിന്ന് പോലും സ്വയം മാഞ്ഞ് പോയ സംഭവങ്ങളുമുണ്ട്.

അബൂ ഉമാമ رضي الله عنه പറയുന്നു: "ഒരു സംഘം സ്വഹാബിമാർ ഒരു രാത്രിയിൽ ക്വുർആനിലെ ഒരു അധ്യായം പാരായണം ചെയ്യാൻ ഒരുങ്ങിയപ്പോൾ അവർക്കത് ഓർമ കിട്ടാത്ത വിധം അത് മറപ്പിക്കപ്പെട്ടിരിക്കുന്നു! അങ്ങനെ പ്രഭാതത്തിൽ അവർ ഒന്നടങ്കം നബിയെ സമീപിച്ച് കാര്യം പറഞ്ഞു. അപ്പോൾ നബിﷺ പറഞ്ഞു: 'ആ അധ്യായം ഇന്നലെ രാത്രി ദുർബലപ്പെടുത്തപ്പെട്ടിരിക്കുന്നു.' അവരുടെ മനസ്സിൽ നിന്ന് മാത്രമല്ല രേഖപ്പെടുത്തി വെച്ച എല്ലാ രേഖയിൽ നിന്നും അത് മാഞ്ഞ് പോകുകയുമുണ്ടായി എന്ന് അവർ പറയുന്നു" (ബൈഹക്വി). ചുരുക്കത്തിൽ ഇതാണ് നസ്ഖ്.

ക്വുർആനിനെ ക്വുർആൻ കൊണ്ടോ ഹദീസ് കൊണ്ടോ നസ്ഖ് ചെയ്യാം. അതു പോലെ ഹദീസിനെയും ക്വുർആൻ കൊണ്ടോ ഹദീസ് കൊണ്ടോ നസ്ഖ് ചെയ്യാം.

ഉദാഹരണം: ബൈതുൽ ബുക്വദ്ദസ് ക്വിബ്‌ലയാക്കാനുള്ള നിർദേശം ഹദീഥിലാണുള്ളത്. എന്നാൽ ആ നിയമം മാറ്റി ഇനി മുതൽ കഅ്ബയെ ക്വിബ്‌ലയാക്കണമെന്ന നിർദേശം വന്നത് ക്വുർആനിലാണ്.

**ഒരു വചനം ക്വുർആനിൽ കണ്ടില്ലെങ്കിൽ പോലും അല്ലാഹുവും റസൂലും ഒരു നിയമം നിശ്ചയിച്ചാൽ അത് പിന്തുടരാനുള്ള വിശ്വാസിയുടെ സന്നദ്ധത പ്രവൃത്തിപഥത്തിലൂടെ ബോധ്യപ്പടലാണ് മുഖ്യ ലക്ഷ്യം. ക്രൈസ്തവർ തങ്ങളുടെ വേദഗ്രന്ഥങ്ങളിലുള്ള വചനങ്ങൾ തന്നെ മറച്ചുവെച്ച് അവയെ മറികടക്കാനാണ് ശ്രമിച്ചതെങ്കിൽ വിശ്വാസികൾ വചനം കണ്ടില്ലെങ്കിൽ പോലും അല്ലാഹുവും പ്രവാചകനും പറഞ്ഞാൽ പിന്നെ ചോദ്യം ചെയ്യാതെ അതംഗീകരിക്കാൻ സന്നദ്ധരാണ് എന്ന് തെളിയിക്കുന്നു ഇതിലൂടെ. അതോടൊപ്പം നിഷേധികളെയും കപടന്മാരെയും വേർതിരിച്ച് അറിയാനും ഇത് നിമിത്തമാകുന്നു.**



ക്വബ്ർ സിയാറത്ത് പാടില്ലെന്ന നിർദേശം വന്നത് ഹദീഥിലാണ്. എന്നാൽ ഇനി മുതൽ നിങ്ങൾ ക്വബ്റുകൾ സന്ദർശിച്ചു കൊള്ളുക എന്ന ഭേദഗതിയും ഹദീസിൽ തന്നെയാണ് വന്നത്. ക്വുർആനും ഹദീസും വഹ്യ് ആണ് എന്ന് അംഗീകരിക്കുന്നവർക്ക് ഇതിൽ സന്ദേഹമില്ല.

ചിലർക്കുള്ള സംശയം നിയമം ദുർബലമാക്കപ്പെട്ട ഒരു വചനം പിന്നെയും ക്വുർആനിൽ നില നിർത്തുന്നതിന്റെ യുക്തി എന്ത് എന്നാണ്. ധാരാളം യുക്തികൾ അതിലുണ്ട്.

വചനത്തിൽ ഉൾക്കൊള്ളുന്ന നിയമം മാത്രമെ ദുർബലമാകുന്നുള്ളൂ. എന്നാൽ വചനത്തിന്റെ അമാനുഷികത, ഭാഷാസാഹിത്യത്തിലെ ദൈവികത, പാരായണത്തിന്റെ പ്രതിഫലം എന്നിവയൊന്നും ദുർബലമാകുന്നില്ല. അവയെല്ലാം ഇന്നും നില നിൽക്കുന്നു. മാത്രവുമല്ല അത് പഴയകാല നിയമങ്ങളെ ഓർമിപ്പിക്കുകയും അത്വഴി കൂടുതൽ നന്ദിയുള്ളവരാകാനും സാധിക്കും എന്നത് കൂടി ലക്ഷ്യമാണ്

വചനം എടുത്തു മാറ്റുകയും നിയമം നിലനിൽക്കുകയും ചെയ്യുന്നതിന്റെ യുക്തി മറ്റൊന്നാണ്. അഥവാ ഒരു വചനം ക്വുർആനിൽ കണ്ടില്ലെങ്കിൽ പോലും അല്ലാഹുവും റസൂലും ഒരു നിയമം നിശ്ചയിച്ചാൽ അത് പിന്തുടരാനുള്ള വിശ്വാസിയുടെ സന്നദ്ധത പ്രവൃത്തിപഥത്തിലൂടെ ബോധ്യപ്പടലാണ് മുഖ്യ ലക്ഷ്യം. ക്രൈസ്തവർ തങ്ങളുടെ വേദഗ്രന്ഥങ്ങളിലുള്ള വചനങ്ങൾ തന്നെ മറച്ചുവെച്ച് അവയെ മറികടക്കാനാണ് ശ്രമിച്ചതെങ്കിൽ വിശ്വാസികൾ വചനം കണ്ടില്ലെങ്കിൽ പോലും അല്ലാഹുവും പ്രവാചകനും പറഞ്ഞാൽ പിന്നെ ചോദ്യം ചെയ്യാതെ അതംഗീകരിക്കാൻ സന്നദ്ധരാണ് എന്ന് തെളിയിക്കുന്നു ഇതിലൂടെ. അതോടൊപ്പം നിഷേധികളെയും കപടന്മാരെയും വേർതിരിച്ച് അറിയാനും ഇത് നിമിത്തമാകുന്നു.

അല്ലാഹു പറയുന്നു: "ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം പകരം വെച്ചാൽ - അല്ലാഹുവാകട്ടെ താൻ അവതരിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണ് താനും - അവർ പറയും: നീ കെട്ടിച്ചമച്ചു പറയുന്നവൻ മാത്രമാകുന്നു എന്ന്. അല്ല, അവരിൽ അധികപേരും (കാര്യം) മനസ്സിലാക്കുന്നില്ല" (16:101).

അല്ലാഹുവിനറിയാം ഒരോ കാലഘട്ടത്തിലെയും മനുഷ്യർക്ക് ഏത് തരം നിയമം വേണമെന്ന്. അല്ലാഹുവിനേ അറിയൂ, മറ്റാർക്കും അറിയില്ല.

നസ്ഖ് ക്വുർആനിൽ മാത്രമല്ല, എല്ലാ കാലത്തുമുള്ള മതനിയമങ്ങളിൽ ഉണ്ടായിട്ടുണ്ട്.

ആദം നബിﷺയുടെ കാലത്ത് സഹോദരി, സഹോദരന്മാർക്ക് പരസ്പരം വിവാഹം ചെയ്യാമായിരുന്നു. കാരണം അന്ന് അതേ നിർവാഹമുള്ളു. അതല്ലാത്ത സ്ത്രീകൾ അന്ന് ലോകത്തില്ലായിരുന്നു. എന്നാൽ തൗറാത്തിൽ അതിനെ നിഷിദ്ധമാക്കിക്കൊണ്ട് നിയമം വന്നു.

യഅ്ക്വൂബ് നബിﷺയുടെ കാലഘട്ടത്തിൽ ഒന്നിലധികം സഹോദരികളെ ഒരേസമയം ഒരാൾക്ക് വിവാഹം കഴിക്കാമായിരുന്നു. എന്നാൽ തൗറാത്ത് അവതരിച്ചതോടെ ആ നിയമം നിർത്തലാക്കി.

ഏത് തരം ജീവികളെയും ഭക്ഷിക്കാമെന്നായിരുന്നു നൂഹ് നബിﷺയുടെ കാലത്തെ നിയമം. എന്നാൽ മൂസാനബിﷺയുടെ കാലത്ത് അതിൽ ഭേദഗതികൾ ഉണ്ടായി.

വിവാഹ മോചിതയായ സ്ത്രീയെ വിവാഹം ചെയ്യാമെന്ന് ബൈബിൾ പഴയ നിയമം പറയുമ്പോൾ അത് അനുവദനീയമല്ലെന്നാണ് പുതിയ നിയമത്തിൽ പറയുന്നത്. മുൻകാല സമൂഹങ്ങളിലെ പല നിയമങ്ങളെയും മാറ്റിക്കൊണ്ടാണ് ക്വുർആനും ഹദീഥുമാകുന്ന പ്രമാണങ്ങൾ അവതരിച്ചത് തന്നെ.

ഇങ്ങനെയൊക്കെയാണെങ്കിലും ചില വിമർശകർ സ്വന്തം സമാധാനത്തിനായി പറയാറുള്ളത് 'മത നിയമങ്ങളിൽ വൈരുധ്യം ഉണ്ടെന്ന വാദത്തിന് മറുപടി പറയാനാവാതെ കുഴഞ്ഞതിനാൽ വിശ്വാസികൾ കണ്ടെത്തിയ ഒരു ഉപായമാണ് ഇത്' എന്നാണ്! ഈ വിഷയം ഗ്രഹിച്ച ഒരു സത്യാന്വേഷി അങ്ങനെ പറയില്ലെന്ന് നമുക്ക് പ്രതീക്ഷിക്കാം.

നസ്ഖ് മുൻകാല വേദങ്ങളിൽ തന്നെ അംഗീകരിക്കപ്പെട്ട കാര്യമാണ്. ഇതിൽ മുസ്‌ലിംകൾക്ക് തർക്കമില്ല.

നസ്ഖ് ഉണ്ടെന്നും ഉണ്ടാവാമെന്നും ആദ്യമായി പഠിപ്പിച്ചത് ക്വുർആൻ തന്നെയാണ്. അല്ലാഹു പറയുന്നു: "വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനെക്കാൾ ഉത്തമമായതോ അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞു കൂടേ; അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവനാണെന്ന്?" (2:106).

"അല്ലാഹു താൻ ഉദ്ദേശിക്കുന്നത് മായ്ച്ചുകളയുകയും. (താൻ ഉദ്ദേശിക്കുന്നത്) സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂലഗ്രന്ഥം അവന്റെ പക്കലുള്ളതാണ്" (13:39).

"ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം പകരം വെച്ചാൽ - അല്ലാഹുവാകട്ടെ താൻ അവതരിപ്പിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണ് താനും - അവർ പറയും: നീ കെട്ടിച്ചമച്ചു പറയുന്നവൻ മാത്രമാകുന്നു എന്ന്. അല്ല, അവരിൽ അധികപേരും (കാര്യം) മനസ്സിലാക്കുന്നില്ല" (16:1).

"നിനക്ക് നാം ഓതിത്തരാം. നീ മറന്നുപോകുകയില്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ." (87:6).

2. നബിﷺയുടെ ധാരാളം വചനങ്ങളിൽ നസ്ഖുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രതിപാദിച്ചു കാണാം.

3. സ്വഹാബിമാർക്കിടയിൽ നിരാക്ഷേപം അംഗീകരിക്കപ്പെട്ട കാര്യമാണ് നസ്ഖ്, ഇത് അറിയാത്തവൻ മതം കൈകാര്യം ചെയ്യാൻ പോലും പാടില്ല എന്നാണവർ മനസ്സിലാക്കിയിരുന്നത്.

4. മുസ്‌ലിം ലോകം (അഹ്‌ലുസ്സുന്ന) ഏകോപിച്ച് സ്വീകരിച്ചു പോന്ന കാര്യമാണ് നസ്ഖ്.

ഗ്രന്ഥ രചനാ രീതി നിലവിൽവന്ന കാലം മുതൽ തന്നെ ഈ വിഷയകമായ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്.

ഹിജ്റ 117ൽ മരണപ്പെട്ട താബിഈ പ്രമുഖനായ ഇമാം ക്വതാദയാണ് അറിയപ്പെട്ടിടത്തോളം ആദ്യമായി ഈ വിഷയത്തിൽ ഒരു സ്വതന്ത്രരചന നിർവഹിച്ചത്. അന്നുമുതൽ ഇന്നുവരെയായി ദശക്കണക്കിന് ഗ്രന്ഥങ്ങൾ ഈ വിഷയകമായി മാത്രം രചിക്കപ്പെട്ടിട്ടുണ്ട്

ഇതെല്ലാം ഈ വിഷയത്തിലുള്ള സ്വതന്ത്ര കൃതികളാണെങ്കിൽ തഫ്സീർ, ഉസ്വൂലു തഫ്സീർ, ഉസൂലുൽ ഫിക്ഹ്, ഉലൂമുൽ ക്വുർആൻ എന്നീ വിജ്ഞാനീയങ്ങളിൽ വിരചിതമായ ഒട്ടുമിക്ക ഗ്രന്ഥങ്ങളിലും ഈ വിഷയം പ്രത്യേകം അധ്യായങ്ങളായി തന്നെ പ്രതിപാദിച്ചത് കാണാം.

ഏറ്റവും ചുരുങ്ങിയത് മുഹമ്മദ് അമാനി മൗലവി(റഹി) രചിച്ച വിശുദ്ധ ക്വുർആൻ വ്യഖ്യാനത്തിന്റെ ആമുഖം ഒന്ന് വായിക്കുകയെങ്കിലും ചെയ്താൽ ഈ വിഷയത്തിൽ കൃത്യമായ ഒരു കാഴ്ചപ്പാട് ലഭിക്കും. ●

**ഹിജ്റ 117ൽ മരണപ്പെട്ട താബിഈ പ്രമുഖനായ ഇമാം ക്വതാദയാണ് അറിയപ്പെട്ടിടത്തോളം ആദ്യമായി നസ്ഖ് വിഷയത്തിൽ ഒരു സ്വതന്ത്രരചന നിർവഹിച്ചത്. അന്നുമുതൽ ഇന്നുവരെയായി ദശക്കണക്കിന് ഗ്രന്ഥങ്ങൾ ഈ വിഷയകമായി മാത്രം രചിക്കപ്പെട്ടിട്ടുണ്ട്. തഫ്സീർ, ഉസ്വൂലു തഫ്സീർ, ഉസൂലുൽ ഫിക്ഹ്, ഉലൂമുൽ ക്വുർആൻ എന്നീ വിജ്ഞാനിയങ്ങളിൽ വിരചിതമായ ഒട്ടുമിക്ക ഗ്രന്ഥങ്ങളിലും ഈ വിഷയം പ്രത്യേകം അധ്യായങ്ങളായി തന്നെ പ്രതിപാദിച്ചത് കാണാം.**

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com






# അവഗണിക്കപ്പെടുന്ന മാതാപിതാക്കൾ

വൃദ്ധരായ മാതാപിതാക്കൾ അവഗണിക്കപ്പെടുന്നു എന്നത് ഇന്ന് ലോകം അനുഭവിക്കുന്ന വലിയൊരു പ്രശ്‌നമാണ്. വിദേശ രാജ്യങ്ങളിൽ മാത്രമല്ല നമ്മുടെ നാട്ടിലും വൃദ്ധസദനങ്ങൾ അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്. വയസ്സായ, ഉപേക്ഷിക്കപ്പെട്ട മാതാപിതാക്കൾ പാർപ്പിക്കപ്പെടുന്ന സ്ഥലമാണ് വൃദ്ധസദനം. അവിടെ, ഉപേക്ഷിക്കപ്പെട്ടവരായി കണ്ടെത്തപ്പെടുന്നവരെ താമസിപ്പിക്കുന്നു. ചിലരെ മക്കൾ തന്നെ കൊണ്ടുപോയി ആക്കുന്നു. ആരാരുമില്ലാത്തവർക്ക് വൃദ്ധസദനം ആശ്വാസകരം തന്നെയാണ് എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ സമ്പത്തും ആരോഗ്യവുമുള്ള മക്കൾ ഒരു ശല്യമൊഴിവാക്കുക എന്ന ലക്ഷ്യത്തോടെ മാത്രം വൃദ്ധമാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ കൊണ്ടുപോയി തള്ളുന്നതിനെ എങ്ങനെ ന്യായീകരിക്കാനാവും?

എന്ത് സന്ദേശമാണ് യഥാർഥത്തിൽ വൃദ്ധസദനങ്ങൾ ലോകത്തിനു നൽകുന്നത്? വൃദ്ധരായ മാതാപിതാക്കൾ പുതുതലമുറയാൽ അവഗണിക്കപ്പെടുന്നു എന്ന, ഒരു വലിയ ഭീതിനിറഞ്ഞ സന്ദേശമാണ് ഇതിലൂടെ നമുക്ക് ലഭിക്കുന്നത്. റെയിൽവേസ്‌റ്റേഷനുകളിലും ബസ് സ്‌റ്റോപ്പുകളിലും സ്റ്റാന്റുകളിലും തെരുവോരങ്ങളിലും അങ്ങാടികളിലും ഹോസ്പിറ്റലുകളിലും മറ്റുമെല്ലാം വൃദ്ധമാതാപിതാക്കളെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്നതായി നിത്യേന വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു.

പ്രയാസപ്പെട്ട് ഗർഭം ചുമന്ന്, ഏറെ പ്രയാസം സഹിച്ച് പ്രസവിച്ച്, അതിലേറെ പ്രയാസം സഹിച്ച് മുലയൂട്ടി പോറ്റിവളർത്തിയ മാതാവിനെ പാഴ്‌വസ്തുവായി ഉപേക്ഷിക്കുവാൻ എങ്ങനെയാണ് മക്കൾക്ക് കഴിയുന്നത്?

**ആരാണ് മാതാപിതാക്കൾ എന്നോ അവരോടുള്ള കടപ്പാടുകൾ എന്താണെന്നോ മനസ്സിലാക്കാത്ത ഒരുസമൂഹം വളർന്നുകൊണ്ടിരിക്കുന്നു എന്നല്ലേ ഇതെല്ലാം വ്യക്തമാക്കുന്നത്? ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുവാൻ ആർക്കാണ് കഴിയുക? മുട്ട വിരിഞ്ഞ് കോഴിക്കുഞ്ഞുങ്ങൾ പുറത്തുവന്നാൽ ആ കുഞ്ഞുങ്ങൾക്ക് മുട്ടത്തോടിനോട് വിധേയത്വമൊന്നും ഇല്ലാത്തതുപോലെ മക്കൾക്ക് മാതാപിതാക്കളോട് കടപ്പാടൊന്നുമില്ല എന്ന് പറയുന്ന ഭൗതികവാദികൾക്ക് മാത്രമെ ഇതിൽ വേദന തോന്നാതിരിക്കൂ.**

തന്റെ മക്കൾക്ക് ഭക്ഷണവും പാർപ്പിടവും വസ്ത്രവും ഒരുക്കാൻ, അവരെ പഠിപ്പിച്ച് ഉന്നതിയിലെത്തിക്കുവാൻ വേണ്ടി രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ കഠിനമായി അധ്വാനിച്ച് ജീവിതം തള്ളിനീക്കിയ വൃദ്ധനായ പിതാവിനെ ഉപേക്ഷിക്കുവാൻ എങ്ങനെയാണ് മക്കൾക്ക് കരളുറപ്പുണ്ടാകുന്നത്?

ആരാണ് മാതാപിതാക്കൾ എന്നോ അവരോടുള്ള കടപ്പാടുകൾ എന്താണെന്നോ മനസ്സിലാക്കാത്ത ഒരുസമൂഹം വളർന്നുകൊണ്ടിരിക്കുന്നു എന്നല്ലേ ഇതെല്ലാം വ്യക്തമാക്കുന്നത്? ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുവാൻ ആർക്കാണ് കഴിയുക? മുട്ട വിരിഞ്ഞ് കോഴിക്കുഞ്ഞുങ്ങൾ പുറത്തുവന്നാൽ ആ കുഞ്ഞുങ്ങൾക്ക് മുട്ടത്തോടിനോട് വിധേയത്വമൊന്നും ഇല്ലാത്തതുപോലെ മക്കൾക്ക് മാതാപിതാക്കളോട് കടപ്പാടൊന്നുമില്ല എന്ന് പറയുന്ന ഭൗതികവാദികൾക്ക് മാത്രമെ ഇതിൽ വേദന തോന്നാതിരിക്കൂ.

ഈ പ്രശ്നത്തിനുള്ള സുവ്യക്തവും ശക്തവുമായ പരിഹാരം വിശുദ്ധ ക്വുർആനിൽ നമുക്ക് കാണാൻ സാധിക്കും:

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. 'എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ' എന്ന് നീ പറയുകയും ചെയ്യുക." (17:23,24).

എത്ര മഹത്തായസന്ദേശം! എത്ര സുന്ദരമായ പാഠങ്ങളാണ് ഈ മഹത്തായ വേദഗ്രന്ഥം നമ്മുടെ മുന്നിൽ സമർപ്പിക്കുന്നത്! ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം തീർച്ചയായും ഈ വചനങ്ങളിലുണ്ട്.

നിനക്ക് ഒരു രക്ഷിതാവ് ഉണ്ട്; അവനെ മാത്രമാണ് ആരാധിക്കേണ്ടത് എന്ന ബോധം ഈ വചനം ആദ്യം നമ്മിലുണ്ടാക്കുന്നു. അങ്ങനെയൊരു ദൈവത്തെക്കുറിച്ചുള്ള ചിന്തയില്ലാത്തവന് മാതാപിതാക്കളെ ആത്മാർഥമായി സ്നേഹിക്കാൻ കഴിയില്ല. തന്നെയും ഈ പ്രപഞ്ചത്തെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ഒരു രക്ഷിതാവിൽ വിശ്വാസമില്ലാത്തവന് ധാർമികതയെകുറിച്ച് ചിന്തിക്കേണ്ട എന്തെങ്കിലും ആവശ്യമുണ്ടോ?

എത്ര കഷ്ടപ്പെട്ടാണ്, എത്ര പ്രയാസപ്പെട്ടാണ്, എത്ര കണ്ണുനീർകുടിച്ചാണ് അവർ മക്കളെ പോറ്റിവളർത്തിയിട്ടുള്ളത്! ഒരാളുടെ മനസ്സിൽ നിന്നും ഈ ചിന്തകൾ മാഞ്ഞുപോവാൻ പാടില്ല. അതുകൊണ്ട് തന്നെ 'ഛെ' എന്ന വെറുപ്പിന്റെ ഒരു വാക്കുപോലും നിങ്ങൾ അവരോട് പറയരുത്. അവർ വൃദ്ധരായി നിങ്ങളുടെ അടുക്കൽ ഉണ്ടാകുമ്പോൾ അവർ ഒരു ഭാരമായി നിങ്ങൾക്കോ നിങ്ങളുടെ ഭാര്യമാർക്കോ മക്കൾക്കോ തോന്നരുത്. അതുകൊണ്ട് തന്നെ വളരെ മാന്യമായി നിങ്ങൾ അവരോട് സംസാരിക്കണം. ഒരു കാരണവശാലും നിങ്ങളവരെ കയ്യൊഴിയാൻ പാടില്ല. ഒരു തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ മറ്റു ജീവികളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷിക്കുവാൻ വേണ്ടി തന്റെ ചിറകുകളിൽ ഒളിപ്പിക്കുന്നത് പോലെ നിങ്ങളുടെ മാതാപിതാക്കളെ നിങ്ങളോട് ചേർത്തുപിടിക്കുക. എന്നിട്ട് സർവശക്തനായ നാഥനോട് ഹൃദയം തുറന്ന് അവർക്കു വേണ്ടി പ്രാർഥിക്കുക. ഞാൻ കുഞ്ഞായിരിക്കുമ്പോൾ അവർ എന്നോട് കാരുണ്യം കാണിച്ചതു പോലെ അവരോട് നീ കാരുണ്യം കാണിക്കേണമേ നാഥാ എന്ന്.

മാതാപിതാക്കൾ തങ്ങളെ കുഞ്ഞുനാളിൽ പോറ്റിവളർത്തുമ്പോൾ കാണിച്ച ആ കാരുണ്യത്തിന്റെ അളവ് തിരിച്ചറിയുന്നവർക്ക് മാത്രമെ ഇങ്ങനെ പ്രാർഥിക്കാൻ കഴിയൂ. ശരിയായ ഒരു ആദർശത്തിന്റെ പിൻബലം ഉള്ളവർക്കു മാത്രമെ ഈയൊരു നിലപാട് ജീവിതത്തിൽ സ്വീകരിക്കാൻ കഴിയുകയുള്ളൂ. വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്ന ഈ പാഠം ഉൾക്കൊണ്ടും പ്രചരിപ്പിച്ചും മുന്നേറുക. ●

സജ്ജാദ് ബിൻ അബ്ദു റസാക്
hikmadawah@gmail.com

ലേഖനം




# മൂല്യം നഷ്ടപ്പെട്ട പരീക്ഷാ മൂല്യനിർണയം

'ചലനം നിലച്ച ക്ലോക്ക് പോലും വെറുതെയല്ല. കാരണം ദിവസത്തിലത് രണ്ട് തവണയെങ്കിലും കൃത്യസമയം കാണിച്ച് തരുന്നുണ്ട്.'

പറഞ്ഞുവരുന്നത് ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചും അവയുടെ ചില രീതിയെക്കുറിച്ചുമാണ്. വീട്ടിൽ നിന്ന് പ്രാതൽ കഴിഞ്ഞ് വന്ന കുട്ടിയെ സ്കൂളിലെ നാല് ചുമരുകൾക്കുള്ളിലിട്ട് വീണ്ടും വീണ്ടും സിലബസ് തീറ്റിക്കുന്നു എന്നത് എത്ര വിരോധാഭാസമല്ല!

സ്കൂളെന്നാൽ വെറും പാഠം തീർക്കാൻ മാത്രമുള്ള ഒരു കെട്ടിടമാണെങ്കിൽ അവിടെ ശമ്പളം കൊടുത്ത് അധ്യാപകരെ നിയമിക്കുന്നത് ഭോഷ്കായിരിക്കും. ഒരു സ്റ്റുഡിയോയിൽ ചെന്ന് പാഠങ്ങളെല്ലാം വീഡിയോ ആയി റെക്കോർഡ് ചെയ്ത് അവ ക്ലാസിലെ വിദ്യാർഥികൾക്ക് മുന്നിൽ ഒരു വീതം രണ്ട് നേരം എന്ന നിലക്ക് പ്രദർശിപ്പിച്ചാൽ മതിയാകും.


മാർക്ക് കുറയുക, തോൽക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം പലപ്പോഴും ഒരു വലിയ പാപം എന്ന നിലക്ക് നോക്കിക്കാണുന്ന ദുരവസ്ഥയാണ് പുറംലോകവുമായി ബന്ധമില്ലാത്ത ചില അധ്യാപകരിൽ നിന്ന് കാണാനിടയാവുന്നത്.

ഒരു സ്കൂളിലെ എല്ലാ കുട്ടികളും ഫുൾ A+ നേടിയാൽ ചില അധ്യാപകർക്ക് ബഹു സന്തോഷമായിരിക്കും. എന്തിനാണ് തോൽവികളെ ഇത്ര ഭയപ്പെടുന്നത്? കുട്ടികളിലെ റിസൽട്ട് കുറവ് ഒരു വൻ പരാജയമാണെന്ന് ആരാണ് ഇവരുടെ മനസ്സിൽ കൊത്തിവെച്ചത്? ഉത്തര പേപ്പറിൽ മാർക്ക് കുറഞ്ഞു എന്നത് കൊണ്ട് ഒരു കുട്ടിക്ക് ഭാവിയില്ല എന്നും അവൻ കഴിവ് കുറഞ്ഞ പയ്യനാണ് എന്നും അധ്യാപകനും മാനേജ്മെന്റിനും എങ്ങനെ പറയാനൊക്കും? പിഴവുകളെയും അബദ്ധങ്ങളെയുമെല്ലാം ഒരു വൻപാപമെന്ന നിലക്കാണ് ചില അധ്യാപകർ കാണുന്നത്. കുട്ടികളിലേക്കും അവരത് കുത്തിവെക്കുന്നു.

അറിയുമോ? ഇന്റർനെറ്റിലെ ആഗോള ഭീമൻ ഗൂഗിളെന്ന സെർച്ച് എൻജിൻ പോലും ഒരു 'പിഴവിന്റെ' ഉത്പന്നമാണ്. 1997 സെപ്റ്റംബർ മാസം 15ന് ഒരു രാത്രിയിലാണ് അമേരിക്കയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ രണ്ട് വിദ്യാർഥികൾ ഇന്റർനെറ്റിൽ ഒരു സെർച്ച് എൻജിൻ തുടങ്ങിയാലോ എന്നാലോചിക്കുന്നത്. അതിനെന്ത് പേര് കൊടുക്കും എന്നായി ചിന്ത. ഒന്നെന്ന അക്കത്തിന് ശേഷം നൂറ് പൂജ്യമുള്ള ഒരു സംഖ്യയുടെ പേര് കൊടുക്കാം എന്ന് തീരുമാനിച്ചു. ഒറ്റ ക്ലിക്കിൽ തന്നെ അത്രയും വിവരങ്ങൾ ലഭിക്കുന്നതായിരിക്കണം എന്ന നിലക്കാണ് അങ്ങനെ ഒരു പേര് ഉദ്ദേശിച്ചത്. ഗൂഗ്ൾ (google) എന്നവർ അതിന് പേരിട്ടു. അതിന്റെ ഡൊമൈൻ വെച്ചവർ രജിസ്റ്റർ ചെയ്തു. പിന്നെയാണ് അവരറിഞ്ഞത് ഒന്നിന് ശേഷം നൂറ് പൂജ്യം വരുന്ന സംഖ്യക്ക് ഗൂഗ്ൾ എന്നല്ല മറിച്ച് ഗൂഗോൾ(googol) എന്നാണ് പറയുക എന്ന്. ഇന്നാ പിഴവ് സംഭവിച്ച പേരാണ് ലോകമെമ്പാടും അറിയപ്പെടുന്ന ഗൂഗ്ൾ (google).

ഇത്രയും പറഞ്ഞത് A+ ഇല്ലെങ്കിൽ കുട്ടി പരാജിതനാണെന്ന ധാരണയുമായി നടന്ന് തുമ്പിയെ കൊണ്ട് കല്ലെടുപ്പിക്കുന്ന പണി ചെയ്യുന്ന അധ്യാപകർ ഓർക്കാൻ വേണ്ടിയാണ്. പാഠം തീർക്കാൻ വ്യഗ്രത കാണിക്കുന്ന അധ്യാപകർ, ക്ലാസെടുക്കുമ്പോൾ അബദ്ധങ്ങൾ ഇല്ലെന്ന് ഉറപ്പ് വരുത്താനായി പരതുന്ന സെർച്ച് എൻജിൻ പോലും ഒരു അബദ്ധത്തിന്റെ ഉത്പന്നമാണ് എന്ന് ഇടക്കിടക്ക് ഓർക്കുന്നത് നന്ന്.

'പരീക്ഷാ പേപ്പറിൽ ഗുഡ് എന്ന വിശേഷണം വാങ്ങിയവരെല്ലാം ബുജികളും ടീച്ചർക്ക് വേണ്ടപ്പെട്ടവരും, അല്ലാത്തവരെല്ലാം കഴിവില്ലാത്തവരും' ഇങ്ങനെ ഒരു നിർവചനം നൽകുക വഴി ഒരു മനഃശാസ്ത്രജ്ഞൻ കൂടിയായി വർത്തിക്കേണ്ട അധ്യാപകനും മാനേജ്മെന്റും തന്നെ കുട്ടികളെ വിഷാദരോഗികൾ കൂടി ആക്കി മാറ്റുന്നു എന്നതാണ് അനിഷേധ്യമായ സത്യം.



കുട്ടികളുടെ കഴിവുകളെ തിരിച്ചറിഞ്ഞ് അതിനനുസരിച്ച് അവനെ ബിൽഡ് ചെയ്ത് കൊണ്ട് വരികയല്ലെ ശരിക്കും ഒരു അധ്യാപകൻ ചെയ്യേണ്ട ഉത്തരവാദിത്തം. അതിനു പകരം സിലബസുകൾക്ക് പുറമെ കുട്ടിയുടെ ബാഗിൽ ഒരു ജനറൽ പുസ്തകം കൊണ്ട് നടക്കേണ്ടതില്ല എന്ന ധാരണയാണ് ചിലർക്കുള്ളത്. കുട്ടികൾ സിലബസുകൾക്കപ്പുറത്തേക്ക് പരന്നും പറന്നും വായിക്കട്ടെ.

ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ അഥവാ എൻ.സി.ഇ.ആർ.ടി (NCERT) National Council for Education Research Training 2006 മാർച്ച് മാസത്തിൽ പുറത്തിറക്കിയ പരീക്ഷകളുടെ നവീകരണങ്ങളെക്കുറിച്ച രേഖയിൽ ഇങ്ങനെ രേഖപ്പെടുത്തി: 'പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകളിൽ നിന്നും പരാജയം (FAIL) എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്. അതിന് പകരം തൃപ്തികരമല്ല എന്നോ ഉദ്ദേശിച്ച നിലവാരത്തിലെത്താൻ ഒന്ന് കൂടെ പരിശ്രമിക്കണം എന്നോ ചേർക്കാവുന്നതാണ്.'

ഇതിനൊക്കെ പകരം നല്ല മാർക്ക് സ്കോർ ചെയ്തവരുടെ ഉത്തര പേപ്പറിൽ ചുവന്ന മഷികൊണ്ടുള്ള പ്രോത്സാഹനങ്ങളും മാർക്ക് സ്വൽപം കുറഞ്ഞവന്റെ പേപ്പറിൽ 'മെച്ചം കാണൂല' എന്ന നിലക്കുള്ള മുൻവിധിയും രേഖപ്പെടുത്തുന്നത് വിദ്യാർഥിയിൽ നിഷേധാത്മക ചിന്തകൾക്ക് മാത്രമെ വഴിവെക്കൂ.

അബ്ബാസ് ചെറുതുരുത്തി
cmabbascm@gmail.com




# പ്രവാചകന്റെ വിവേകപൂർണമായ നിലപാടുകൾ

**മു**ഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ സാഹോദര്യം ഉണ്ടാക്കിയതിന് ശേഷം പ്രവാചകൻ ﷺ ചെയ്തത് ജാഹിലിയ്യത്തിന്റെ ശൈഥില്യങ്ങളിൽ നിന്നും മുൻകാല തർക്കങ്ങളിൽ നിന്നുമെല്ലാം മുക്തമായ പരസ്പര ഉടമ്പടി കരാറുകളായിരുന്നു. മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ കരാറുണ്ടാക്കുകയും മദീനയിലെ ജൂതന്മാരെ കൂടി ഉൾപെടുത്തിക്കൊണ്ടുള്ള സന്ധിയിൽ ഏർപ്പെടുകയും ചെയ്തു. നബിﷺയുടെ യുക്തിപൂർണമായ ഒരു നടപടിയായിരുന്നു ഇത്.

മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ പ്രവാചകൻﷺ കരാർ എഴുതിത്തയ്യാറാക്കിയ ശേഷം യഹൂദികളെ അതിൽ ഇണക്കിച്ചേർത്ത് അവരുമായും കരാറിലേർപ്പെട്ടു. ഈ പ്രവർത്തനം പ്രവാചകന്റെസൂക്ഷ്മമായ ലക്ഷ്യവും പൂർണമായ ഹിക്മത്തും വിളിച്ചറിയിക്കുന്നതാണ്. മദീനയിലെ യഹൂദികൾക്കും മുസ്‌ലിംകൾക്കുമിടയിൽ ശക്തമായ സഖ്യം ഉണ്ടാക്കുവാനും മദീനയെ ഉപദ്രവിക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കുവാനും ഇതുവഴി സാധിക്കുകയും ചെയ്തു.

പള്ളിനിർമാണം, ജൂതന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കൽ, വിശ്വാസികൾക്കിടയിൽ സാഹോദര്യം ഉണ്ടാക്കൽ, അവർക്ക് ശിക്ഷണം നൽകൽ, കരാർ ഉടമ്പടി എന്നിവകൊണ്ടെല്ലാം പ്രവാചകൻﷺ അല്ലാഹുവിന്റെ ഔദാര്യത്താൽ മദീനാവാസികളുടെ പ്രശ്നങ്ങൾ പരിഹരിച്ചു. മുമ്പുണ്ടായിരുന്ന പ്രശ്നങ്ങളെല്ലാം പരിഹരിച്ച് മുസ്‌ലിം ഹൃദയങ്ങളെ ഏകോപിപ്പിച്ചു. മദീനയുമായി ഇഴുകിച്ചേർന്ന സമൂഹത്തെ രൂപപ്പെടുത്തിയതിന് ശേഷം അതിനെതിരിൽ വന്ന ശക്തികളെ ഒറ്റക്കെട്ടായി പ്രതിരോധിക്കുകയും ചെയ്തു. 56 സൈനിക നീക്കങ്ങൾ പ്രവാചകന്റെ കാലത്ത് നടന്നിട്ടുണ്ട്. 27 എണ്ണത്തിൽ പ്രവാചകൻﷺ നേരിട്ട് നായകത്വം വഹിക്കുകയും ചെയ്തു.

**യുദ്ധസന്ദർഭങ്ങളിലെ യുക്തിപൂർണമായ നിലപാട്**

ബദ്ർ യുദ്ധം: യുദ്ധം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പ്രവാചകൻﷺ ഹിക്മത്തിലധിഷ്ഠിതമായ നിലപാട് വ്യക്തമാക്കി. കാരണം അൻസ്വാറുകളുടെ നിലപാട് അറിയുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. മദീനയിൽവെച്ച് നബിﷺയെ തങ്ങളുടെ ശരീരത്തെക്കാളും സമ്പത്തിനെക്കാളും ഇണകളെക്കാളും സന്താനങ്ങളേക്കാളും സംരക്ഷിക്കും എന്ന് അവർ അനുസരണ പ്രതിജ്ഞ (ബൈഅത്ത്) ചെയ്തിരുന്നു. എന്നാൽ മദീനക്ക് പുറത്ത് ആക്രമണം ഉണ്ടായാൽ അൻസ്വാറുകൾ സംരക്ഷിക്കുമോ എന്നാണ് പ്രവാചകന് അറിയാനുണ്ടായിരുന്നത്. അതിന്റെ സൂചനകൾ നൽകി പ്രവാചകൻﷺ സംസാരിച്ചു. അപ്പോൾ അബൂബക്കർ؄ എഴുന്നേറ്റ് നിന്ന് പിന്തുണ അറിയിച്ച് സംസാരിച്ചു. പിന്നെ ഉമറുബ്നുൽ ഖത്ത്വാബ്؄ സംസാരിച്ചു. പ്രവാചകൻﷺ രണ്ടാമതും സൂചനകളിലൂടെ സംസാരിച്ചു. അപ്പോൾ മിഖ്ദാദ്؄ എഴുന്നേറ്റ് സംസാരിച്ചു. 'അല്ലാഹുവിന്റെ റസൂലേ, അല്ലാഹു താങ്കളോട് എന്താണോ കൽപിക്കുന്നത് അത് നടപ്പിൽ വരുത്തിക്കൊള്ളുക. ഞങ്ങൾ താങ്കളോടൊപ്പമുണ്ട്. അല്ലാഹുവാണെ സത്യം! ഞങ്ങൾ താങ്കളോട് ബനൂ ഇസ്‌റാഈല്യർ മൂസാനബിയോട് പറഞ്ഞത് പോലെ പറയുകയില്ല. മൂസാ നബിയോട് അദ്ദേഹത്തിന്റെ ജനത പറഞ്ഞത് നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക. ഞങ്ങൾ ഇവിടെ ഇരിക്കാം എന്നാണ്. എന്നാൽ ഞങ്ങൾ പറയുന്നത് താങ്കളും താങ്കളുടെ റബ്ബും പോയി യുദ്ധം ചെയ്യുക; ഞങ്ങളും താങ്കളോടൊപ്പം യുദ്ധം ചെയ്യുന്നവരായിരിക്കും എന്നാണ്. ഞങ്ങൾ താങ്കളുടെ വലത്തും ഇടത്തും മുന്നിലും പിന്നിലും യുദ്ധം ചെയ്യും.' മൂന്നാമതും സൂചന നൽകിയപ്പോൾ അൻസ്വാറുകൾക്ക് മനസ്സിലായി അവരെയാണ് ഉദ്ദേശിച്ചതെന്ന്. സഅദ്ബ്നു മുആദ്؄ ധൃതിയിൽ എഴുന്നേറ്റ് നിന്ന് പറഞ്ഞു: 'പ്രവാചകരേ, താങ്കൾ ഞങ്ങളെയാണോ ഉദ്ദേശിക്കുന്നത്? അൻസ്വാറുകൾ അവരുടെ വീടുകളിൽ വെച്ചല്ലാതെ താങ്കളെ സഹായിക്കില്ല എന്ന് താങ്കൾ ഭയപ്പെടുന്നുണ്ടോ? എങ്കിൽ അവർക്ക് വേണ്ടി ഞാൻ ഉത്തരം നൽകുന്നു. താങ്കൾ ഉദ്ദേശിച്ചിടത്തേക്ക് പോവുക. ഉദ്ദേശിച്ചവരുമായി ബന്ധം ചേർക്കുക. ഉദ്ദേശിച്ചവരുമായി ബന്ധം വിഛേദിക്കുക. ഞങ്ങളുടെ സമ്പത്തിൽ നിന്ന് താങ്കൾ ഉദ്ദേശിച്ചത്ര എടുത്ത് കൊള്ളുക. താങ്കൾ ഉദ്ദേശിച്ചത് ഞങ്ങൾക്ക് നൽകുകയും ചെയ്യുക. താങ്കൾ ഞങ്ങളിൽ ഉപേക്ഷിച്ചതിനെക്കാൾ ഞങ്ങളിൽ നിന്ന് എടുത്തതിനെയാണ് ഞങ്ങൾക്ക് കൂടുതൽ ഇഷ്ടം. താങ്കൾ ഞങ്ങളോട് ഏതൊരു കൽപന കൽപിക്കുന്നുവോ അത് ഞങ്ങൾ പിന്തുടരും. താങ്കൾ ഞങ്ങളോട് ഒരു സമുദ്രത്തിന്റെ നടുവിലേക്കാണ് ഇറങ്ങാൻ പറയുന്നതെങ്കിൽ ഞങ്ങൾ അതും അനുസരിക്കും. ഒരാളും ഞങ്ങളിൽനിന്ന് പിന്തിരിയില്ല.' ഇത്രയും കേട്ടപ്പോൾ പ്രവാചകന് അങ്ങേയറ്റത്തെ സന്തോഷമായി. അവിടുന്ന് പറഞ്ഞു:

'നിങ്ങൾ സഞ്ചരിച്ചുകൊള്ളുക, നിങ്ങൾ സന്തോഷിച്ച് കൊള്ളുക. തീർച്ചയായും രണ്ടിലൊരു സഖ്യത്തെ വിജയിപ്പിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ഇപ്പോൾ ജനങ്ങൾ യുദ്ധം ചെയ്യുന്നത് എനിക്ക് കാണുന്നത് പോലെയുണ്ട്'(ഇബ്നു ഹിശാം).

ബദ്റിലെ ഏറ്റവും പ്രധാനപ്പെട്ട നിലപാട് അല്ലാഹുവിലുള്ള ഭരമേൽപിക്കലായിരുന്നു. കാരണം നബിﷺക്ക് അറിയാമായിരുന്നു; ആളുകളുടെ ആധിക്യമല്ല സഹായം ലഭിക്കുന്നതിന് നിദാനമെന്നും മറിച്ച് കാരണങ്ങളെ സമീപിക്കുന്നതോടൊപ്പം റബ്ബിലുള്ള അചഞ്ചലമായ തവക്കുലാണ് എന്നും.

ഉമർ؄ നിവേദനം: "ബദ്ർ യുദ്ധത്തിൽ നബിﷺ ബഹുദൈവവിശ്വാസികളെ നോക്കി. അവർ ആയിരം പേരുണ്ടായിരുന്നു. നബിﷺയുടെ സ്വഹാബിമാർ 319 പേരായിരുന്നു. അല്ലാഹുവിന്റെ പ്രവാചകൻ ക്വിബ്‌ലക്ക് അഭിമുഖമായി നിന്നു. പിന്നെ കൈ ഉയർത്തി, എന്നിട്ട് അല്ലാഹുവിനോട് ഇങ്ങനെ പറഞ്ഞു: 'അല്ലാഹുവേ, എന്നോട് നീ വാഗ്ദാനം ചെയ്തത് പാലിക്കേണമേ. അല്ലാഹുവേ, എന്നോട് നീ വാഗ്ദാനം ചെയ്തത് എനിക്കു തരൂ. അല്ലാഹുവേ, ഇസ്‌ലാമിന്റെ വക്താക്കളായ ഈ സം

ഘ്ലം നശിച്ചാൽ ഭൂമിയിൽ നീ ആരാധിക്കപ്പെടുകയില്ല.'

പ്രവാചകൻﷺ റബ്ബിനോട് ഇരുകരങ്ങളും നീട്ടി ക്വിബ്‌ലക്ക് അഭിമുഖമായി നിന്ന് ഇങ്ങനെ പറഞ്ഞുകൊണ്ടേയിരുന്നു. അങ്ങനെ ചുമലിൽ നിന്നും തട്ടം താഴെ വീണു. അപ്പോൾ അബൂബക്കർ‌ വന്ന് തട്ടമെടുത്തു ചുമലിൽ ഇട്ടുകൊടുത്തു. പിന്നെ നബിﷺയുടെ പിറകിൽ തന്നെ നിന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, മതി താങ്കളുടെ റബ്ബിനോടുള്ള തേട്ടം. തീർച്ചയായും അവൻ താങ്കളോട് ചെയ്ത കരാർ നിറവേറ്റുക തന്നെ ചെയ്യും.' അപ്പോൾ അല്ലാഹു ഇങ്ങനെ വചനമിറക്കി: 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക) തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി. അങ്ങനെ അല്ലാഹു മലക്കുകളെകൊണ്ട് സഹായിച്ചു."

**ഉഹ്ദ് യുദ്ധം**

നബിﷺയുടെ ധീരമായ നിലപാടുകൾക്കും പ്രതിസന്ധികളിൽ ക്ഷമിക്കാനുള്ള കഴിവിനുമുള്ള ഏറ്റവും നല്ല ഉദാഹരണമാണ് ഉഹ്ദ് യുദ്ധം. മഹത്തായ യുദ്ധതന്ത്രമാണ് അതിൽ പ്രവാചകൻﷺ കാഴ്ച വെച്ചത്. ആദ്യ സന്ദർഭത്തിൽ ഉഹ്ദിൽ മുസ്‌ലിംകൾക്കായിരുന്നു വിജയം. സ്ത്രീകളെ മാത്രം ബാക്കിവെച്ച് കൊണ്ട് മുശ്‌രിക്കുകൾ യുദ്ധത്തിൽ നിന്നും പിന്തിരിഞ്ഞോടി. മുസ്‌ലിംകൾ യുദ്ധമുതൽ ഒരുമിച്ച് കൂട്ടുന്നത് കണ്ടപ്പോൾ പ്രവാചകന്റെ കൽപന കിട്ടുന്നത് കാത്തുനിൽക്കാതെ മലയിൽ നിർത്തിയിരുന്ന അമ്പെയ്ത്തുകാർ മുശ്‌രിക്കുകൾ ഇനി മടങ്ങിവരില്ലെന്ന ധാരണയാൽ താഴേക്ക് ഇറങ്ങിവന്നു. എന്നാൽ ഈ സന്ദർഭത്തിൽ മുശ്‌രിക്കുകളുടെ കുതിരപ്പടയാളികളിൽ ഒഴിഞ്ഞ പ്രദേശത്തിലൂടെ കയറിവരികയും മുസ്‌ലിംകളെ കീഴടക്കുകയും ചെയ്തു. എഴുപതോളം സ്വഹാബിമാർ രക്തസാക്ഷികളായി. സ്വഹാബികളിൽ ചിലർ പിന്തിരിഞ്ഞോടി. പ്രവാചകന് പരിക്കുപറ്റി. അദ്ദേഹത്തെ പ്രതിരോധിച്ചിരുന്ന സ്വഹാബത്തിനെ കൊലപ്പെടുത്തി.

"അനസ്ബ്‌നു മാലിക്‌ നിവേദനം: "നബിﷺ ഉഹ്ദ് ദിനത്തിൽ ഏഴു അൻസ്വാറുകളുടെയും ക്വുറൈശികളായ രണ്ടാളുകളുടെയും ഇടയിലായി ഒറ്റപ്പെട്ടുപോയി. (ശത്രുക്കൾ) നബിﷺയെ വളഞ്ഞപ്പോൾ നബിﷺ പറഞ്ഞു: 'ഞങ്ങളെ ഇവരിൽ നിന്ന് തടുക്കുവാൻ ആരുണ്ട്? അവനു സ്വർഗമുണ്ട്. (അല്ലെങ്കിൽ) അവൻ സ്വർഗത്തിൽ എന്റെ സ്‌നേഹിതനാണ്.' അപ്പോൾ അൻസ്വാറുകളിൽ നിന്ന് ഒരാൾ മുന്നോട്ട് വന്നു. അദ്ദേഹം യുദ്ധം ചെയ്തു. അങ്ങനെ വധിക്കപ്പെട്ടു. പിന്നെയും അവർ നബിﷺയെ വളഞ്ഞു. അപ്പോഴും നബിﷺ പറഞ്ഞു: 'ഞങ്ങളെ ഇവരിൽ നിന്നു തടുക്കുവാനാരുണ്ട്? അവന് സ്വർഗമുണ്ട്. (അല്ലെങ്കിൽ) അവൻ സ്വർഗത്തിൽ എന്റെ സ്‌നേഹിതനാണ്.' അപ്പോഴും അൻസ്വാറുകളിൽ നിന്ന് ഒരാൾ മുന്നോട്ട് വന്നു. യുദ്ധം ചെയ്തു. വധിക്കപ്പെട്ടു. ഇപ്രകാരം ആ (അൻസ്വാറുകളായ) ഏഴുപേരും വധിക്കപ്പെട്ടു. അപ്പോൾ നബിﷺയുടെ കൂടെയുള്ള രണ്ട് സ്‌നേഹിതന്മാരോട് പറഞ്ഞു: 'നമ്മുടെ സ്വഹാബിമാരോട് നാം നീതി കാണിച്ചില്ല.' (ആരാണ് നമ്മെ തടയുകയെന്ന് നബി ﷺ ചോദിച്ചപ്പോൾ കൂടെയുള്ള ഏഴു അൻസാറുകളും മുന്നോട്ടുവന്നു മരണം വരിക്കാൻ തയ്യാറായി. എന്നാൽ ക്വുറൈശികളായ രണ്ടുപേരും മുന്നോട്ടു വന്നില്ല. അതുകൊണ്ടാണ് നബിﷺ പറഞ്ഞത്; നാം അവരോട് നീതി കാട്ടിയില്ലെന്ന്)" (മുസ്‌ലിം).


സഹ്‌ലുബ്‌നു സഅദ്‌ നബിﷺക്ക് ഉഹ്ദിൽ (പറ്റിയ) മുറിവിനെ കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരുടെ മുഖത്ത് മുറിവേറ്റു. കോമ്പല്ലുകൾ പൊട്ടിപ്പോയി. തലയിലുണ്ടായിരുന്ന ചട്ട തകർക്കപ്പെട്ടു. റസൂലിﷺന്റെ പുത്രി ഫാത്വിമ‌ രക്തം കഴുകിക്കൊണ്ടിരുന്നു. അലി‌ വെള്ളം ഒഴിച്ചുകൊടുത്തു. വെള്ളം ഒഴിക്കുമ്പോൾ രക്തം കൂടുതൽ ഒഴുകുന്നത് ഫാത്വിമ‌ കണ്ടപ്പോൾ ഒരു പായക്കഷ്ണം കത്തിച്ച് അത് ചാരമായപ്പോൾ മുറിവിൽ പതിച്ചുവെച്ചു. അപ്പോൾ രക്തമൊഴുക്ക് നിലച്ചു."

ഇത്തരം ഉപദ്രവങ്ങളെല്ലാം ഏൽക്കേണ്ടിവന്നിട്ടും പ്രവാചകൻﷺ അവർക്കെതിരിൽ പ്രാർഥിച്ചില്ല. മറിച്ച്, അവർക്ക് പൊറുത്ത് കൊടുക്കുവാൻ വേണ്ടി പ്രാർഥിക്കുകയാണ് ചെയ്തത്!

മുഴുവൻ പ്രവാചകന്മാരും ഇങ്ങനെയായിരുന്നു. വിവേകവും ഉൾക്കാഴ്ചയുമുള്ള സമീപനമാണ് ഇത്തരം സന്ദർഭങ്ങളിലെല്ലാം അവരിൽനിന്നും ഉണ്ടായിട്ടുള്ളത്. തങ്ങളെ ഉപദ്രവിച്ച ജനതയോട് അവർ വിട്ടുവീഴ്ചയും അനുകമ്പയും കാണിച്ചു. അതോടൊപ്പം അവരുടെ ഹിദായത്തിനും അവരുടെ അവിവേകങ്ങൾക്ക് പൊറുത്ത് കൊടുക്കാനും വേണ്ടി പ്രാർഥിക്കുകയും ചെയ്തു. ●

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം




# മുസ്‌ലിംകളുടെ ചരിത്രം അതിജീവനത്തിന്റേതാണ്

"ഇന്ത്യയിലെ ഒരു മുസ്‌ലിമും നിങ്ങളെ ഭയക്കുന്നില്ല" രാജ്യസഭയിൽ മുഴങ്ങിയ കപിൽ സിബലിന്റെ ഈ ശബ്ദം ഓരോ മുസ്‌ലിമിന്റെയും ഹൃദയത്തിനുള്ളിൽ നിന്നുള്ള ഗർജനമാണ്. പേടിപ്പിച്ച് നിർത്തുക എന്ന ഫാഷിസ്റ്റ് ഭരണ രീതിയിൽ ചകിതരായി മാറുന്നവരല്ല മുസ്‌ലിംകൾ. അവരുടെ ചരിത്രം എന്നും പ്രയാസങ്ങളുടെ തിരമാലകളെ വകഞ്ഞുമാറ്റിത്തന്നെയാണ് സഞ്ചരിച്ചിട്ടുള്ളത്. ആദ്യത്തെ റസൂലായ നൂഹ്عليه السلام മുതൽ അന്തിമ ദൂതനായ മുഹമ്മദ് നബിﷺ അടക്കമുള്ള മാനവരിൽ മഹോന്നതന്മാർക്കുവരെ പ്രതിസന്ധികളുടെ പ്രളയങ്ങളെ തരണംചെയ്യേണ്ടി വന്നിട്ടുണ്ടെങ്കിൽ വർത്തമാനകാലത്ത് ജീവിക്കുന്ന അവരുടെ അനുയായികൾക്കും ആ അവസ്ഥയുണ്ടാകും എന്നത് തീർച്ചയാണ്. അത്കൊണ്ടുതന്നെ ഭയപ്പെടുത്തി തോൽപിച്ചുകളയാമെന്ന ശത്രുക്കളുടെ വിചാരം സംഭവിക്കാൻ പോകുന്നതല്ല. അല്ലാഹുവിന്റെ മതത്തെ സ്വീകരിച്ചവരെ അവൻ കൈവെടിയില്ല എന്നതിന് ചരിത്രം സാക്ഷിയാണ്. പ്രമാണങ്ങളുടെ പ്രഖ്യാപനങ്ങൾ നമുക്ക് നൽ

**കുതന്ത്രക്കാരും ജനദ്രോഹികളുമായ ഭരണകർത്താക്കൾക്ക് അൽപായുസ്സ് മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്ന് ചരിത്രം പറയുന്നു. നന്മയും സഹവർത്തിത്വവും മതനിരപേക്ഷതയും നാട്ടിൽ നിലനിൽക്കാൻ കൊതിക്കുന്ന കോടിക്കണക്കിന് മനുഷ്യർ ജീവിക്കുന്ന ഈ മണ്ണിൽ ചിലരെ അഭയാർഥികളാക്കാനുള്ള എല്ലാ കുതന്ത്രങ്ങളെയും ഇന്ത്യൻ ജനത തോൽപിച്ചിരിക്കും. നാഗ്പൂരിൽ നിന്ന് ഡൽഹിയിലേക്കുള്ള കുറിപ്പടികൾക്കനുസരിച്ച് ചിലർ പ്ലാനുകൾ തയ്യാറാക്കുമ്പോൾ തന്നെ വാനലോകങ്ങൾക്കുമപ്പുറത്തും ചില പ്ലാനുകൾ നടക്കുന്നുണ്ടാകും എന്നത് നാം വിസ്മരിക്കരുത്. ബ്രിട്ടീഷുകാരന്റെ വെടിയുണ്ടകളെ നെഞ്ചേറ്റുവാങ്ങിയവരുടെ പിൻഗാമികളുടെ പൗരത്വം തെളിയിക്കണമെങ്കിൽ അവരുടെ സിരകളിലോടുന്ന ചുടു രക്തം മണത്താൽ മതിയാവും. അതിന് ഇന്ത്യയുടെ മണവുണ്ടാവും! എന്നാൽ മറ്റു ചിലരുടെ രക്തത്തിന് അധിനിവേശക്കാരുടെ ദുർഗന്ധമാണുണ്ടാവുക!**

കുന്ന ഉറപ്പും അതുതന്നെയാണ്. അതേസമയം പരീക്ഷണങ്ങളും ചില പ്രതിസന്ധികളും ഉണ്ടാവാം. അവയിൽ നിന്നെല്ലാം അല്ലാഹു കരകയറ്റുകയും ചെയ്യും. അല്ലാഹു വിശ്വാസികൾക്ക് നൽകുന്ന വാഗ്ദാനം ക്വുർആനിൽ ഇങ്ങനെ വായിക്കാം: "നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതു പോലെ തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിനു ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്ന താണെന്ന്" (24:55). ഈ വാഗ്ദാനം അവൻ നിറവേറ്റിയിട്ടുണ്ട് എന്നത് വിശ്വാസികൾക്കെന്നും ആശ്വാസം പകരുന്നതാണ്.

ഹിജ്റ രണ്ടാം വർഷം നടന്ന ബദ്ർ യുദ്ധത്തിൽ നാം അതു ദർശിച്ചിട്ടുണ്ട്. ക്വുർആൻ പഠിക്കുന്നതിനനുസരിച്ച് എട്ടോളം രീതിയിൽ അല്ലാഹുവിന്റെ സഹായം അവിടെ മുസ്‌ലിംകൾക്ക് ലഭിച്ചു. മദീനയുടെ ചുറ്റുഭാഗത്തുള്ള മുഴുവൻ എതിരാളികളും ഒരുമിച്ച് ചേർന്ന് നടത്തിയ നീക്കം അല്ലാഹു പരാജയപ്പെടുത്തിയ ചരിത്രമാണ് ഹിജ്റ അഞ്ചാം വർഷത്തിൽ നടന്ന അഹ്സാബ് സംഭവത്തിൽ നാം ഗ്രഹിക്കുന്നത്. അന്ന് ഹൃദയങ്ങൾ തൊണ്ടക്കുഴിയിലെത്തുമാറ് ഭയാശങ്കകൾ മുസ്‌ലിംകളെ പിടികൂടിയിരുന്നു.

"നിങ്ങളുടെ മുകൾ ഭാഗത്തു കൂടിയും നിങ്ങളുടെ താഴ്ഭാഗത്തു കൂടിയും അവർ നിങ്ങളുടെ അടുക്കൽ വന്ന സന്ദർഭം. ദൃഷ്ടികൾ തെന്നിപ്പോകുകയും ഹൃദയങ്ങൾ തൊണ്ടയിലെത്തുകയും നിങ്ങൾ അല്ലാഹുവെപ്പറ്റി പല ധാരണകളും ധരിച്ച് പോകുകയും ചെയ്തിരുന്ന സന്ദർഭം" (ക്വുർആൻ 33:10). അധികം വൈകാതെ അവർക്ക് അല്ലാഹുവിന്റെ സഹായമെത്തി.

ഹിജ്റ അഞ്ച്, ആറ് നൂറ്റാണ്ടുകളിൽ ക്രൈസ്തവ സഭകൾ നടത്തിയ കുരിശു തേരോട്ടത്തിൽ ഇസ്‌ലാമിക സമൂഹം ഒന്ന് അമ്പരന്നുവെങ്കിലും സ്വലാഹുദ്ദീൻ അയ്യൂബി(റഹ്) എന്ന ധീരന്റെ മുന്നേറ്റത്തിലൂടെ കുരിശു പടയാളികളുടെ അടിവേരറുത്ത ചരിത്രം ഇന്നും ആവേശദായകം തന്നെയാണ്. ചരിത്രത്തിൽ തുല്യതയില്ലാത്ത വിധം ക്രൂരതകൾ ചെയ്തുകൂട്ടിയ കുരിശുപടയ്ക്ക് മാപ്പുനൽകിയ അയ്യൂബിയുടെ ചരിത്രം ഇസ്‌ലാമിന്റെ പേരിൽ ഭീകരതയുടെ സ്റ്റിക്കറൊട്ടിക്കുന്നവർ ഒന്ന് വായിക്കുന്നത് നല്ലതാണ്.

ഹിജ്റ ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഉണ്ടായ താർതാരികളുടെ കടന്നാക്രമണങ്ങളെ ഏതു വിധേനയാണ് മുസ്‌ലിംകൾ അതിജയിച്ചത് എന്നത് ഒരു ചരിത്ര വിദ്യാർഥിക്ക് ഇന്നും കൗതുകം പകരുന്ന സംഗതിയാണ്. ഭയത്തിന്റെ കാർമേഘങ്ങൾ നീക്കി നിർഭയത്വത്തിന്റെ കുളിർമഴ മുസ്‌ലിംകൾക്കുമേൽ വർഷിപ്പിച്ച് അല്ലാഹു സഹായിച്ച ചരിത്രം വിസ്മരിക്കപ്പെട്ടു കൂടാ.


ഇങ്ങനെ എത്രയെത്ര പരീക്ഷണങ്ങൾ! അവയെല്ലാം അല്ലാഹുവിന്റെ മഹത്തായ സഹായത്താൽ അതിജീവിച്ച ഈ സമുദായത്തിന് പരീക്ഷണങ്ങൾ എന്നും ഊർജം മാത്രമെ നൽകിയിട്ടുള്ളൂ. പ്രവാചകന്റെ വചനങ്ങളിൽ നിറഞ്ഞുകിടക്കുന്ന സന്തോഷവാർത്തകൾ എത്രയാണ്! 'ഭൂമിയുടെ കിഴക്കും പടിഞ്ഞാറും ഈ ഉമ്മത്തിന്റെ ആധിപത്യമെത്തും' (മുസ്‌ലിം) എന്നത് സംഭവിക്കാനുള്ളതു തന്നെയാണ്. 'ഈ മതത്തിന്റെ ശബ്ദമെത്താത്ത ഒരു കുടിലും കൊട്ടാരവും ഉണ്ടാവില്ല' എന്ന പ്രവാചകന്റെ വാക്കുകൾ മുസ്‌ലിംകൾക്കു നൽകുന്ന ആഹ്ലാദം ചെറുതല്ല. 'ഭൂമിയിൽ ആധിപത്യവും ഉയർച്ചയും സഹായവും കൊണ്ട് ഈ ഉമ്മത്തിന് നിങ്ങൾ സന്തോഷവാർത്ത നൽകുക" എന്ന നബിവചനവും പ്രതിസന്ധികളെ അ

തിജയിക്കാനുള്ള ഈ സമുദായത്തിന്റെ കരുത്തിനെ വിളിച്ചറിയിക്കുന്നുണ്ട്.

സമകാലിക പ്രശ്നങ്ങളിലും ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം മതപരമായി ആശങ്കക്കു വകയില്ല. ഒരു പക്ഷേ, വലിയൊരു നന്മക്ക് വേണ്ടിയുള്ള തുടക്കമാവാം ഈ ചെറിയ പ്രയാസങ്ങൾ. അല്ലാഹുവിന്റെ ഈ വചനങ്ങൾ ശ്രദ്ധിക്കുക: “ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ദോഷകരമായിരിക്കുകയും ചെയ്തെന്നും വന്നേക്കാം. അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല” (ക്വുർആൻ 2:216).

“നിങ്ങളൊരു കാര്യം വെറുക്കുന്നു. അതേ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തേക്കാം” (ക്വുർആൻ 4:19).

“എന്നാൽ തീർച്ചയായും പ്രയാസത്തിന്റെ കൂടെ ഒരെളുപ്പമുണ്ടായിരിക്കും” (ക്വുർആൻ 94:5).




**വിവാദ ബിൽ സുപ്രീം കോടതിയിലെത്തിയിരിക്കുകയാണ്. നീതിപീഠം നീതിയുക്തമായി തന്നെ വിധിക്കും എന്നും നമുക്ക് പ്രതീക്ഷിക്കാം. ഈ കേസ് ജയിക്കാനാവശ്യമായ പ്രവർത്തനങ്ങളും പ്രാർഥനകളുമാണ് ഇപ്പോൾ ആവശ്യമായിട്ടുള്ളത്. അതല്ലാതെ ശത്രുവിന്റെ അജണ്ടകൾക്ക് വിജയപാതയൊരുക്കുന്ന പ്രവൃത്തികളല്ല. ഈ കേസ് ജയിക്കേണ്ടത് ഇന്ത്യയെ ഹൃദയത്തിലേറ്റിയ ഏവരുടെയും ആവശ്യമാണ്. ഇന്ത്യയെ തിരിച്ചു പിടിക്കാനുള്ള ഈ സമരഭൂമിയിൽ ബൗദ്ധിക പോരാളികളാവുകയാണ് ഇപ്പോൾ ആവശ്യം. എല്ലാ കുതന്ത്രങ്ങളെയും അല്ലാഹുവിന്റെ തന്ത്രങ്ങൾ അതിജയിക്കുകതന്നെ ചെയ്യും. പഴയ ഇന്ത്യയെ നമുക്ക് തിരികെ കിട്ടുകയും ചെയ്യും; നാം കാത്തിരിക്കുക.**

പിന്നെ എന്തിന് മുസ്‌ലിം സമുദായം ഭയപ്പെട്ടു കഴിയണം? ഒരു ബില്ല് പാസാക്കിയെടുത്ത് ഈ സമുദായത്തെ രാജ്യത്തിലെ രണ്ടാം കിടക്കാരാക്കാം എന്നത് കേവലം വ്യാമോഹമാണ്; സംഭവിക്കാൻ പോകുന്നതല്ല.

കുതന്ത്രക്കാരും ജനദ്രോഹികളുമായ ഭരണകർത്താക്കൾക്ക് അൽപായുസ്സ് മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്ന് ചരിത്രം പറയുന്നു. നന്മയും സഹവർത്തിത്വവും മതനിരപേക്ഷതയും നാട്ടിൽ നിലനിൽക്കാൻ കൊതിക്കുന്ന കോടിക്കണക്കിന് മനുഷ്യർ ജീവിക്കുന്ന ഈ മണ്ണിൽ ചിലരെ അഭയാർഥികളാക്കാനുള്ള എല്ലാ കുതന്ത്രങ്ങളെയും ഇന്ത്യൻ ജനത തോൽപിച്ചിരിക്കും. നാഗ്പൂരിൽ നിന്ന് ഡൽഹിയിലേക്കുള്ള കുറിപ്പടികൾക്കനുസരിച്ച് ചിലർ പ്ലാനുകൾ തയ്യാറാക്കുമ്പോൾ തന്നെ വാനലോകങ്ങൾക്കുമപ്പുറത്തും ചില പ്ലാനുകൾ നടക്കുന്നുണ്ടാകും എന്നത് നാം വിസ്മരിക്കരുത്. ബ്രിട്ടീഷുകാരന്റെ വെടിയുണ്ടകളെ നെഞ്ചേറ്റു വാങ്ങിയവരുടെ പിൻഗാമികളുടെ പൗരത്വം തെളിയിക്കണമെങ്കിൽ അവരുടെ സിരകളിലോടുന്ന ചുടു രക്തം മണത്താൽ മതിയാവും. അതിന് ഇന്ത്യയുടെ മണവുണ്ടാവും! എന്നാൽ മറ്റു ചിലരുടെ രക്തത്തിന് അധിനിവേശക്കാരുടെ ദുർഗന്ധമാണുണ്ടാവുക!

വിവാദ ബിൽ സുപ്രീം കോടതിയിലെത്തിയിരിക്കുകയാണ്. നീതിപീഠം നീതിയുക്തമായി തന്നെ വിധിക്കും എന്നും നമുക്ക് പ്രതീക്ഷിക്കാം. ഈ കേസ് ജയിക്കാനാവശ്യമായ പ്രവർത്തനങ്ങളും പ്രാർഥനകളുമാണ് ഇപ്പോൾ ആവശ്യമായിട്ടുള്ളത്. അതല്ലാതെ ശത്രുവിന്റെ അജണ്ടകൾക്ക് വിജയപാതയൊരുക്കുന്ന പ്രവൃത്തികളല്ല. ഈ കേസ് ജയിക്കേണ്ടത് ഇന്ത്യയെ ഹൃദയത്തിലേറ്റിയ ഏവരുടെയും ആവശ്യമാണ്. ഇന്ത്യയെ തിരിച്ചു പിടിക്കാനുള്ള ഈ സമരഭൂമിയിൽ ബൗദ്ധിക പോരാളികളാവുകയാണ് ഇപ്പോൾ ആവശ്യം. എല്ലാ കുതന്ത്രങ്ങളെയും അല്ലാഹുവിന്റെ തന്ത്രങ്ങൾ അതിജയിക്കുകതന്നെ ചെയ്യും. പഴയ ഇന്ത്യയെ ന മുക്ക് തിരികെ കിട്ടുകയും ചെയ്യും; നാം കാത്തിരിക്കുക.

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം




# പൗരത്വബില്ലും ഗാന്ധിയൻ സമരമാർഗങ്ങളും

ഇന്ത്യയെ വർഗീയ ധ്രുവീകരണത്തിലേക്ക് തള്ളിവിടാനുള്ള ആസൂത്രിത ശ്രമങ്ങളുടെ ഭാഗമാണ് പൗരത്വ ഭേദഗതി ബിൽ എന്ന് ഇന്ത്യയിലെ ജനാധിപത്യ വിശ്വാസികളും ലോകരാഷ്ട്രങ്ങളും ഒരേ സ്വരത്തിൽ പറയുന്നു. രാജ്യത്തിന്റെ പാരമ്പര്യത്തെ കാറ്റിൽപറത്തി മതരാഷ്ട്രം എന്ന സംഘപരിവാർ അജണ്ട നടപ്പിലാക്കാൻ ആവനാഴിയിലെ അസ്ത്രങ്ങൾ ഓരോന്നായി പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ് ഭരണകൂടം. രാജ്യത്തെ ഭൂരിപക്ഷം വരുന്ന മതേതര വിശ്വാസികളുടെ മുഖത്തേറ്റ അടിയാണ് ഇരുസഭകളും കടന്ന് നിയമമായ പൗരത്വ ഭേദഗതി ബിൽ. ജാതി, മത, വർഗ, വർണ, ഭാഷ ഭേദമന്യെ ഇന്ത്യക്കാർ എന്ന വികാരത്താൽ കോർത്തിണക്കപ്പെട്ട ഭാരതത്തിലെ പൗരന്മാരെ വർഗീയമായി ധ്രുവീകരിക്കാൻ അവസരം ഒരുക്കുകയാണിത്.

പൗരത്വ ഭേദഗതി നിയമം മുസ്‌ലിംകൾക്കെതിരെയുള്ള വിവേചനമാണെന്ന് ഐക്യരാഷ്ട്ര സഭ വ്യക്തമാക്കിക്കഴിഞ്ഞു. പൗരത്വം നൽകുന്നതിൽ നിന്ന് മുസ്‌ലിംകളെ ഒഴിവാക്കിയത് പുനഃപരിശോധിക്കണമെന്നും യുഎൻ ആവശ്യപ്പെട്ടു. മനുഷ്യാവകാശ വക്താവ് ജെറമി ലോറൻസാണ് ഐക്യരാഷ്ട്ര സഭയുടെ നിലപാട് വ്യക്തമാക്കിയത്. അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ ലോകരാജ്യങ്ങൾ ശക്തമായ പ്രതിഷേധം ഇതിനകം അറിയിച്ചു കഴിഞ്ഞു. വിവിധ ലോക രാജ്യ

ങ്ങൾ തങ്ങളുടെ പൗരന്മാർ ഇന്ത്യയിലേക്ക് യാത്ര ചെയ്യുന്നത് ഒഴിവാക്കണം എന്ന നിർദേശം നൽകുകയും ചെയ്തു. ജപ്പാൻ പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം റദ്ദാക്കി.

പൗരത്വ ഭേദഗതി രാജ്യത്തെ തകർക്കുന്നതാണ് എന്ന തിരിച്ചറിവിൽ നിന്ന് മുഴുവൻ ജനാധിപത്യ പ്രസ്ഥാനങ്ങളും മതേതര ജനാധിപത്യ വിശ്വാസികളും തങ്ങളുടെ പ്രതിഷേധങ്ങൾ അറിയിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ ഭേദമന്യെ രാജ്യത്തെ മുഴുവൻ ജനതയും ഒരേസ്വരത്തിൽ പ്രതിഷേധങ്ങൾ ഉയർത്തുന്ന കാഴ്ച ഏതൊരു ഇന്ത്യക്കാരന്റെയും പ്രതീക്ഷകൾക്ക് നിറം പകരുന്നതാണ്. ജനാധിപത്യ രീതിയിൽ ശക്തമായ പ്രതിഷേധ സമരങ്ങൾ ഭരണകൂടത്തെ തിരുത്താനും രാജ്യത്ത് ഐക്യവും സമാധാനവും നിലനിർത്താനും സാധ്യമാകും. ശക്തമായ പ്രതിഷേധ സമരങ്ങൾ ആണ് ആദ്യമായി എൻ.ആർ.സി നടപ്പിലാക്കിയ ആസാമിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഡൽഹിയിലെ തെരുവുകളിലും ക്യാമ്പസുകളിലും പ്രതിഷേധങ്ങൾ അലതല്ലുകയാണ്. സമരങ്ങൾ പലപ്പോഴും ആക്രമാസക്തമാവുകയും ഏതാനും ആളുകൾക്ക് ജീവൻ നഷ്ടമാവുകയും ചെയ്തു എന്നത് ഖേദകരമാണ്. രാജ്യത്തിന്റെ പാരമ്പര്യത്തെ തകർക്കുന്ന നിയമത്തിനെതിരെ നമ്മുടെ പാരമ്പര്യം തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ് എല്ലാവരും. എന്നാൽ രാജ്യത്തിന്റെ സമരപാരമ്പര്യത്തെ മറപ്പിച്ചു കളയാൻ തക്കവിധം അതിവൈകാരികത പലരെയും പിടികൂടിയിരിക്കുന്നു. ഇന്ത്യയെ തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കി ബ്രിട്ടൻ അടക്കി വാണപ്പോൾ അഹിംസയെന്ന സമരമാർഗത്തിലൂടെ അവരിൽ നിന്നും സ്വാതന്ത്ര്യം പിടിച്ചുവാങ്ങിയ പാരമ്പര്യം ഉള്ളവരാണ് നാം.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ നിരവധി സമരങ്ങൾ രാജ്യത്തുടനീളം നടന്നിരുന്നു. എന്നാൽ സ്വാതന്ത്ര്യസമര നായകനായ ഗാന്ധിജിയുടെ അഹിംസയിലധിഷ്ഠിതമായ സമരങ്ങളാണ് വിജയം കൈവരിക്കാൻ ഹേതുവായത്. അതിൽ ശ്രദ്ധേയമായ സ്ഥാനം നിസ്സഹകരണ പ്രസ്ഥാനത്തിനുണ്ട്. അനീതിയിൽ അധിഷ്ഠിതമായ ഭരണസംവിധാനങ്ങൾക്കെതിരെ പ്രതിഷേധിക്കുവാനായി ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ പരീക്ഷിച്ച സത്യഗ്രഹം എന്ന സമരായുധത്തിന്റെ ഒരു രൂപമായിരുന്നു നിസ്സഹകരണം. ബ്രിട്ടീഷ് ഔദ്യോഗികവൃന്ദത്തിന് ഭരണസംവിധാനം നടത്തിക്കൊണ്ടുപോകുന്നതിന് സഹായകമായ ഒന്നും ചെയ്യാതിരിക്കുക എന്നതാണ് നിസ്സഹകരണംകൊണ്ട് ഉദ്ദേശിച്ചത്. ഇതാണ് ഇന്ത്യയിലെ ജനാധിപത്യ ബോധമുള്ള വിവിധ സംസ്ഥാന മുഖ്യമന്ത്രിമാർ പ്രഖ്യാപിച്ച നിസ്സഹകരണം. ദേശീയ പൗരത്വ പട്ടിക തയ്യാറാക്കുക എന്നത് കേന്ദ്ര സർക്കാർ മാത്രം വിചാരിച്ചാൽ സാധ്യമല്ല. 135 കോടി ഇന്ത്യൻ ജനതയുടെ വിവരങ്ങൾ ശേഖരിച്ചു പട്ടിക തയ്യാറാക്കുക എന്ന ഭാരിച്ച പ്രയത്നത്തിന് പ്രാദേശിക ഭരണകൂടങ്ങളുടെ സഹായം ഉണ്ടായേതീരൂ. വില്ലേജ് ഓഫീസ് മുതൽ റവന്യൂ വകുപ്പ് വരെയുള്ള ഉദ്യോഗസ്ഥ വൃന്ദങ്ങളും വിവരശേഖരണം നടത്തേണ്ട അധ്യാപകർ അടക്കമുള്ള മറ്റ് ഉദ്യോഗസ്ഥരും പങ്കാളികളാകുന്ന വലിയ പ്രക്രിയ നൂലിൽ കെട്ടിയിറക്കുക അസാധ്യമാണ്. ആ നിലയിൽ ഈ ജനാധിപത്യ വിരുദ്ധ നിയമത്തെ ദുർബലമാക്കാനും ചെറുക്കാനും ഒരു പരിധിവരെ നിസ്സഹകരണ സമരത്തിന് സാധ്യമാകും.

ഒന്നാം ലോക മഹായുദ്ധത്തിൽ ഇന്ത്യ നൽകിയ സഹായ സഹകരണത്തിനു പ്രത്യുപകാരമായി ഉത്തരവാദഭരണം സ്ഥാപിക്കുകയാണ് ബ്രിട്ടന്റെ ലക്ഷ്യം എന്ന മൊണ്ടേഗുവിന്റെ ചരിത്രപ്രധാനമായ പ്രഖ്യാപനം ഇന്ത്യയിൽ പരക്കെ സ്വീകരിക്കപ്പെട്ടു. എന്നാൽ, ഈ പ്രഖ്യാപനത്തിനു പിന്നാലെ ഇന്ത്യയിലെ സാമ്രാജ്യത്വവിരുദ്ധ പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ പൗരാവകാശങ്ങൾക്കുമേൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള റൗലറ്റ് ആക്റ്റ് ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയിൽ നടപ്പിലാക്കിയത് വൻ പ്രതിഷേധമുളവാക്കി. സ്വയംഭരണം, ഉത്തരവാദഭരണം എന്നീ വാഗ്ദാനങ്ങൾ നൽകി ലിബറൽ നയത്തിന്റെ വക്താക്കൾ എന്ന് തോന്നിപ്പിക്കുന്നതിനോടൊപ്പംതന്നെ ശക്തമായ അടിച്ചമർത്തൽ തുടരാനുള്ള ഗവൺമെന്റിന്റെ നീക്കമാണ് റൗലറ്റ് ആക്റ്റിലൂടെ വ്യക്തമായത്. ഗവൺമെന്റ് വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുവെന്ന് സംശയമുള്ള വ്യക്തികളെ വിചാരണകൂടാതെ അറസ്റ്റ് ചെയ്ത് തടവിൽ പാർപ്പിക്കാനും അവരുടെ നീക്കങ്ങളെ നിയന്ത്രിക്കാനും വ്യവസ്ഥ ചെയ്ത ഈ നിയമം വ്യക്തി സ്വാതന്ത്ര്യത്തിന്റെയും പ്രാഥമിക നീതിയുടെയും നഗ്നമായ ലംഘനമായിരുന്നു.

അന്യായത്തിനെതിരെ അക്രമരഹിതമാർഗത്തിലൂടെ പ്രതിഷേധിക്കുവാനായി ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി പരീക്ഷിച്ച സത്യഗ്രഹം എന്ന കർമസിദ്ധാന്തം ഇന്ത്യയിൽ ദേശവ്യാപകമായി ആദ്യമായി പ്രയോഗിച്ചത് റൗ

**അനീതിക്കും തിന്മയ്ക്കും അൽപായുസ്സ് മാത്രമെ ഉണ്ടാവുകയുള്ളൂ എന്നതിന് ചരിത്രം സാക്ഷിയാണ്. ഹിറ്റ്ലറും മുസോളിനിയും അടക്കമുള്ള, ചരിത്രത്തിന്റെ ഇന്നലകളെ മലിനമാക്കിയ ഏകഛത്രാധിപതികൾ അനിവാര്യ പതനത്തിന് വിധേയരായി എങ്കിൽ ഇന്നും നാളെയും അത് തന്നെയാണ് സംഭവിക്കാനിരിക്കുന്നത്. ഭയപ്പെടേണ്ടതില്ല. നല്ല പ്രതീക്ഷ മാത്രമാണ് നമുക്ക് ഉണ്ടാവേണ്ടത്; നമ്മെ നയിക്കേണ്ടതും.**

ലറ്റ് ആക്റ്റിനെതിരായിട്ടാണ്. ഈ സമര മാർഗം തന്നെയാണ് ഇന്ത്യയെ വീണ്ടെടുക്കാൻ ഇന്നും അവലംബിക്കേണ്ടത്. ചോരത്തിളപ്പിൽ തോക്കിനുമുന്നിൽ മുദ്രാവാക്യം വിളിക്കുന്ന ചെറുപ്പക്കാർ, അവർക്ക് നേരെ നിറയൊഴിക്കുന്ന നിയമപാലകർ... ആവേശത്തിൽ ആത്മഹത്യയിലേക്ക് എടുത്തുചാടുകയാണ് സമരഭടന്മാർ. ഭരണകൂടത്തിന്റെ ചട്ടുകമായ നിയമപാലകർ അവരെ വെടിവെച്ചു വീഴ്ത്തുകയും ചെയ്യുന്നു. നിരവധി കുടുംബങ്ങൾ അനാഥത്വത്തിലേക്ക് തള്ളിവിടപ്പെടുകയാണിവിടെ, വൈധവ്യത്തിന്റെ കൈപ്പുനീർ കുടിക്കാൻ സഹോദരിമാർ വിധിക്കപ്പെടുന്നു. സന്താനനഷ്ടം തകർത്ത മാതാപിതാക്കളെ സമ്മാനിക്കുന്നു ഇവിടെ. പിതാവിന്റെ സ്നേഹലാളനകൾ എൽക്കേണ്ട പ്രായത്തിൽ അനാഥത്വത്തിന്റെ നിസ്സഹായത പേറേണ്ടിവരുന്ന കുരുന്നുകളെ സൃഷ്ടിക്കുന്ന സമരമുറയായി ഇത് മാറുന്നു. രാജ്യത്തിന്റെ പുരോഗതിയിൽ നിർണായക പങ്ക് വഹിക്കേണ്ട പൗരന്റെ ജീവൻ ബലി കൊടുത്ത് കൊണ്ടുള്ള പ്രക്ഷോഭങ്ങളിൽ നിന്നും മാറി, കുതന്ത്രങ്ങൾ മെനയുന്ന ഭരണകൂടത്തെ അഹിംസാധിഷ്ഠിത സമരങ്ങളുടെ വേലിയേറ്റത്തിൽ ആടിയുലയാൻ തക്ക പ്രക്ഷോഭം ഉയർന്നു വരണം. ഡൽഹിയിലെ വിവിധ ക്യാമ്പസുകളിൽ നടന്ന പ്രക്ഷോഭവും പോലീസ് അതിക്രമവും ഒരു ഇരുണ്ട രാത്രികൂടി സമ്മാനിച്ചു. പൊലീസിന്റെ ക്രൂര മർദനങ്ങൾക്ക് മുന്നിൽ ധീരമായി ചെറുത്ത് നിൽക്കുന്ന വിദ്യാർഥികൾ നൽകുന്ന ഊർജ്ജവും പ്രതീക്ഷയും ചെറുതല്ല. അന്യായമായി അറസ്റ്റ് ചെയ്യപ്പെട്ടവരെ വിട്ടയക്കാൻ വിദ്യാർഥികളും യുവജനങ്ങളും ജനപ്രതിനിധികളും ഡൽഹി പോലീസ് ആസ്ഥാനം നീണ്ട ഒൻപത് മണിക്കൂർ ഉപരോധിച്ചു ഒടുവിൽ അറസ്റ്റ് ചെയ്യപ്പെട്ടവരെ മുഴുവൻ വിട്ടയക്കേണ്ടി വന്നു പൊലീസിന്. ഗാന്ധിയൻ സമരമാർഗത്തിന്റെ വിജയമായിരുന്നു ഇത്. സൈന്യത്തെ ഇറക്കി പ്രതിഷേധങ്ങളെ ഒതുക്കാനാണ് ഭരണകൂടം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിയമപാലകർ നിർദാക്ഷിണ്യം ടിയർഗ്യാസ് പ്രയോഗിക്കുന്ന രംഗങ്ങൾ ഹൃദയഭേദകമാണ്. അവർ തന്നെ വാഹനങ്ങൾക്ക് തീ കൊളുത്തുന്ന വീഡിയോകൾ സാമൂഹ്യ മാധ്യമങ്ങളിൽ നാം കണ്ടതാണ്. ഇരകളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണ് ഇതെല്ലാം.

ഭീകരാന്തരീക്ഷം സൃഷ്ടിച്ചും ഭയം ജനിപ്പിച്ചും ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ എന്നും ഭരണകൂടങ്ങൾ ശ്രമിച്ചു പോന്നിട്ടുണ്ട്. അത് തുടരുക തന്നെ ചെയ്യും. അവരുടെ കുതന്ത്രങ്ങളിൽ കാലിടറാതെ വിവേകപൂർവം ഇടപെടുകയാണ് വേണ്ടത്. രാജ്യത്തെ വരിഞ്ഞുമുറുക്കിയ ബ്രിട്ടീഷ് ഭരണത്തെ തൂത്തെറിഞ്ഞത് ഈ മാർഗത്തിലൂടെയായിരുന്നു എന്ന പാരമ്പര്യവും ചരിത്രവും വിസ്മരിക്കപ്പെടരുത്. ഇരകളെ പരമാവധി പ്രകോപിപ്പിച്ചു വൈകാരികതയുടെ വലയത്തിൽ കെട്ടിയിടുക എന്നത് വേട്ടക്കാരുടെ സ്ഥിരം രീതിയാണ്. അത് തിരിച്ചറിയുമ്പോൾ മാത്രമെ മുന്നോട്ടുള്ള പ്രയാണത്തിൽ കാലിടറാതെ ഗമിക്കാൻ സാധിക്കുകയുള്ളൂ.

ഇന്ത്യൻ സ്വാതന്ത്ര്യസമര വീഥിയിൽ നമ്മുടെ പൂർവികരെ വൈകാരികമായി ഇളക്കിവിടാൻ ബ്രിട്ടീഷ് ഭരണകൂടം അശ്രാന്ത പരിശ്രമം നടത്തുകയും പലരുടെയും ജീവൻ ബലിയാടാവാൻ അത് കാരണമാവുകയും ചെയ്തിട്ടുണ്ട്. അന്ന് ധിഷണാശാലികളായ നേതാക്കളുടെ ശക്തവും യുക്തിഭദ്രവുമായ തീരുമാനങ്ങളും ഇടപെടലുകളുമാണ് ഈ ചതിയിൽ നിന്നും രക്ഷിച്ചത്. ഈ വസ്തുത വിസ്മരിക്കപ്പെടുകയാണ് രാജ്യത്തെ തെരുവുകളിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്നത്. അക്രമാസക്തമാകുന്ന സമരങ്ങൾ വഴി ഗുണത്തെക്കാളേറെ ദോഷങ്ങളാണ് ഉണ്ടാവുകയെന്ന വസ്തുത സമൂഹത്തിന്റെ കണ്ണ് തുറപ്പിക്കണം. വിവേകപൂർവം ഇടപെടാനും വേട്ടക്കാരന്റെ ചൂണ്ടയിൽ കൊത്താതെ ലക്ഷ്യം കൈവരിക്കും വരെ ധീരമായി മുന്നേറാനും സാധിക്കണം. അതിന് നേതൃപരമായ പങ്ക് നിർവഹിക്കാൻ രാജ്യത്തെ മുഴുവൻ സംഘടനകൾക്കും സാധ്യമാകേണ്ടതുണ്ട്.

ദേശീയ പൗരത്വ രജിസ്റ്ററും നിയമവും ഏതെങ്കിലും ഒരു മതത്തെയോ ജാതിയെയോ വർണ, വർഗ, ഭാഷകളെയോ ബാധിക്കുന്ന പ്രശ്നമല്ല. മറിച്ച് നമ്മുടെ ജനാധിപത്യ-മതേതര അടിത്തറയിളക്കുന്ന നീക്കമാണ്. അതിന് ബഹുജന മുന്നേറ്റങ്ങളാണ് ആവശ്യം. സമൂഹത്തിന്റെ മുഴുവൻ പിന്തുണയും സഹായവും

സാന്നിധ്യവും പ്രക്ഷോഭങ്ങളിലുടനീളം ഉണ്ടാവണം. ഏതെങ്കിലും ഒരു വിഭാഗം ഒറ്റക്ക് നടത്തുന്ന സമരങ്ങളെ അടിച്ചമർത്താനും അക്രമാസക്തമാക്കി അനുകൂലിക്കുന്നവരെ കൂടി പ്രതികൂലമാക്കാനുള്ള തന്ത്രങ്ങൾ വേട്ടക്കാർ മെനയും. ഈ തിരിച്ചറിവിൽ നിന്ന് യോജിച്ച മുന്നേറ്റങ്ങൾ മാത്രമേ നടത്തൂ എന്ന തീരുമാനം ജനാധിപത്യ സമൂഹം കൈക്കൊള്ളണം. അവിടെ മറ്റ് വിഷയങ്ങളിൽ ഉള്ള അഭിപ്രായ വ്യത്യാസങ്ങൾ വിലങ്ങുതടിയാവരുത്. രാജ്യത്തെ മുച്ചൂടും തകർക്കുന്ന ശ്രമങ്ങൾക്ക് മുമ്പിൽ ഇത്തരം അഭിപ്രായന്തരങ്ങൾക്ക് സ്ഥാനമില്ല തന്നെ.

ക്വിറ്റ് ഇന്ത്യാ സമരവും ഉപ്പ് സത്യാഗ്രഹവും അടക്കമുള്ള ഗാന്ധിയൻ സമരമുറകൾ ഇന്ത്യയെ സ്വാതന്ത്ര്യത്തിന്റെ മധുരം നുകരാൻ പ്രാപ്തമാക്കി. ചരിത്രത്താളുകളിൽ തങ്കലിപികളാൽ ഉല്ലേഖനം ചെയ്ത ഗാന്ധിയൻ സമരമുറകളാണ് ഓരോ ഇന്ത്യക്കാരനും ആവേശം പകരേണ്ടത്. മറിച്ച് ബ്രിട്ടീഷ് ഭരണ കൂടത്തിന് പാദസേവനടത്തി അവർക്ക് മാപ്പെഴുതിക്കൊടുത്ത് ഭരണത്തിന്റെ ഓശാരം പറ്റിയ സവർക്കറും ഗോഡ്സെയും അടങ്ങുന്ന ഒറ്റുകാരുടെ സമര രീതികളല്ല.

ഗാന്ധിയെ തമസ്കരിക്കാനും ചരിത്രത്തെ അപനിർമിക്കനും രാജ്യത്തിന്റെ മതേതര അടിത്തറ തകർക്കാനും ആസൂത്രിത ശ്രമങ്ങൾ നടക്കുമ്പോൾ അവയെ പ്രതിരോധിക്കേണ്ടത് ചരിത്രത്തെ പുനരാനയിച്ചു കൊണ്ടാണ്. ലോകത്ത് ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി പുരോഗതിയുടെയും സമാധാനത്തിന്റെയും സഹവർത്തിത്വം, സമഭാവന തുടങ്ങിയ മഹിത സന്ദേശങ്ങളുടെയും കേദാരമായി നിലകൊണ്ട ഇന്ത്യയുടെ ഇന്നലെകളിലൂടെ നാം കണ്ണോടിക്കണം. അത് തിരിച്ചു പിടിക്കാൻ ചരിത്രത്തിന്റെ വെളിച്ചത്തിൽ മുന്നേറാൻ സാധ്യമാകേണ്ടതുണ്ട്. ഏത് ക്രൂരനായ ഭരണാധികാരിയെയും തകർത്തെറിയാനും ഭരണകൂടത്തെ തിരുത്താനും നന്മയുടെ, ശരിയുടെ ഇടപെടലുകൾക്ക് സാധ്യമാവും.

ജനാധിപത്യത്തിൽ നീതിന്യായ വ്യവസ്ഥകളുടെ പങ്ക് വലുതാണ്. അതിൽ പ്രതീക്ഷയർപ്പിച്ച് ശക്തമായ നിയമപോരാട്ടങ്ങളും ഇതിന്റെ കൂടെ നടക്കണം. ഈ ജനാധിപത്യ വിരുദ്ധ നീക്കത്തിനെതിരെ ഇന്ത്യയിലെ വിവിധ സംഘടനകളും വ്യക്തികളും സുപ്രീം കോടതിയെ സമീപിച്ചത് പ്രതീക്ഷ നൽകുന്നു. നിയമപരമായി നിലനിക്കാൻ സാധിക്കാത്ത വിധം ഭരണഘടനാവിരുദ്ധമാണ് പുതിയ നിയമം എന്നും അത് പിൻവലിക്കാൻ ആവശ്യമായ നടപടി കോടതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകണം എന്നും ഈ ഹർജികൾ ആവശ്യപ്പെടുന്നു. ഇത്തരം നിയമപോരാട്ടങ്ങൾ ശക്തമായിത്തന്നെ നടക്കണം. പരമാവധി വ്യക്തികളും സംഘടനകളും സുപ്രീം കോടതിയെ ഇനിയും സമീപിക്കണം; രാജ്യത്തിന്റെ അഭിമാനം കാക്കാൻ.

**കേരളം മാതൃകയാണ്**

ഉയർന്ന ജനാധിപത്യബോധവും മതേതര കാഴ്ചപ്പാടും പുലർത്തിപ്പോന്ന നമ്മുടെ കേരളം എന്നും മാതൃകാപരമായ ഇടപെടലുകൾക്ക് മുന്നിൽ നിന്നിട്ടുണ്ട്. പൗരത്വ ഭേദഗതി ബില്ലിനെതിരെയും മാതൃകാപരമായ ഇടപെടൽ നടത്താൻ കേരളത്തിന് സാധിച്ചു. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ ഇന്നലെ വരെ പരസ്പരം കൊമ്പുകോർത്ത ഭരണ, പ്രതിപക്ഷ കക്ഷികൾ രാജ്യത്തെ തകർക്കുന്ന നീക്കത്തിനെതിരെ ഒരുമിച്ചു പ്രക്ഷോഭം നടത്താൻ തീരുമാനിച്ചതും അത് പ്രാവർത്തികമാക്കിയതും പ്രശംസനീയമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും പാർട്ടികളും ഈ മാതൃക പിന്തുടരാൻ സന്നദ്ധമാകണം. നിയമപരവും ജനാധിപത്യപരവുമായ മുഴുവൻ മാർഗങ്ങളും ഉപയോഗിച്ചു ഇത്തരം നീക്കങ്ങൾക്ക് ശക്തിപകരാൻ ഓരോ ഇന്ത്യക്കാരനും സാധിക്കണം. മുഴുവൻ ജനങ്ങളെയും അണിനിരത്തി പ്രതിരോധത്തിന്റെ വൻമതിൽ തീർക്കേണ്ട ഈ സന്ദർഭത്തിൽ ജനദ്രോഹ സമര രീതികൾ പാടെ ഉപേക്ഷിക്കണം. ഹർത്താലും അക്രമ സമരങ്ങളും യഥാർഥ വിഷയത്തിൽ നിന്ന് ശ്രദ്ധതിരിക്കാനും ഒരുമിച്ചുള്ള നീക്കങ്ങളെ ദുർബലപ്പെടുത്താനുമേ സഹായകമാകൂ. ഈ തിരിച്ചറിവ് പ്രബുദ്ധ കേരളത്തിന് നഷ്ടപ്പെടരുത്.

അനീതിക്കും തിന്മയ്ക്കും അൽപായുസ്സ് മാത്രമെ ഉണ്ടാവുകയുള്ളൂ എന്നതിന് ചരിത്രം സാക്ഷിയാണ്. ഹിറ്റ്ലറും മുസോളിനിയും അടക്കമുള്ള, ചരിത്രത്തിന്റെ ഇന്നലകളെ മലിനമാക്കിയ ഏകഛത്രാധിപതികൾ അനിവാര്യ പതനത്തിന് വിധേയരായി എങ്കിൽ ഇന്നും നാളെയും അത് തന്നെയാണ് സംഭവിക്കാനിരിക്കുന്നത്. ഭയപ്പെടേണ്ടതില്ല. നല്ല പ്രതീക്ഷ മാത്രമാണ് നമുക്ക് ഉണ്ടാവേണ്ടത്; നമ്മെ നയിക്കേണ്ടതും. ഇന്ത്യയുടെ ചരിത്രത്തിൽ മറ്റൊരു കറുത്ത ദിനം സമ്മാനിച്ച ഡിസംബർ 13 പുതിയ ഇന്ത്യയുടെ പ്രതീക്ഷ സമ്മാനിക്കുന്ന ദിനമായി കൂടി ചരിത്രം രേഖപ്പെടുത്തും എന്ന് പ്രത്യാശിക്കാം. ●

ലേഖനം

അബൂ ആദിൽ
abuadilfaisal@gmail.com




# പ്രതിസന്ധി ഘട്ടങ്ങളിലെ ക്വുനൂത്

**ഇ**ന്ത്യൻ ജനത മൊത്തത്തിലും ഇന്ത്യൻ മുസ്‌ലിംകൾ പ്രത്യേകിച്ചും ഒരു പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുകയാണല്ലോ ഇപ്പോൾ. രാജ്യവ്യാപകമായി പ്രതിഷേധങ്ങൾ ആളിപ്പടർന്നുകൊണ്ടിരിക്കുന്നു. ഇത്തരം ഘട്ടങ്ങളിൽ ന്യായവും യുക്തവുമായ വഴികളിലൂടെയും രാജ്യത്തെ നിയമങ്ങൾ അനുവദിക്കുന്ന മാർഗങ്ങളിലൂടെയും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുകയാണ് വേണ്ടത്. ഭൗതികമായ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനോടൊപ്പം തന്നെ വിശ്വാസികൾ ഏത് പ്രതിസന്ധിയിലും ഏറ്റവും വലിയ രക്ഷാമാർഗമായി കാണേണ്ടത് പ്രപഞ്ച സ്രഷ്ടാവിനോടുള്ള മനമുരുകിയ പ്രാർഥന തന്നെയാണ്.

ഏതവസരങ്ങളിലും പ്രാർഥന വിശ്വാസിയുടെ കൈമുതലാണെങ്കിലും പ്രതിസന്ധികളിൽ അതിന് പ്രത്യേക പ്രാധാന്യം മതപ്രമാണങ്ങൾ പഠിപ്പിക്കുന്നു. അവയിൽ പ്രാധാന്യാർഹിക്കുന്ന ഒന്നാണ് പ്രതിസന്ധി ഘട്ടങ്ങളിൽ നിർവഹിക്കുവാനായി പഠിപ്പിക്കപ്പെട്ട ക്വുനൂത്. 'ക്വുനൂതുന്നാസിലഃ' എന്നാണിത് അറിയപ്പെടുന്നത്.

അനസ്ﷺ പറയുന്നു: "അല്ലാഹുവോടും പ്രവാചകനോടും ധിക്കാരം കാണിച്ച റഅ്ല്, ദക്വാൻ എന്നീ ഗോത്രങ്ങൾക്കെതിരായി പ്രാർഥിച്ചുകൊണ്ട് നബിﷺ ഒരു മാസം ക്വുനൂത് നിർവഹിച്ചു" (ബുഖാരി, മുസ്‌ലിം).

ഇത് അഞ്ചുസമയ നമസ്‌കാരങ്ങളിലും നബിﷺ നിർവഹിച്ചിരുന്നതായി വ്യത്യസ്ത ഹദീഥുകൾ പഠിപ്പിക്കുന്നു.

ഈ ഹദീഥുകളെയെല്ലാം അടിസ്ഥാനപ്പെടുത്തി ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ(റഹി) പറയുന്നു: "വിപൽ ഘട്ടങ്ങളിൽ ക്വുനൂത് സുന്നത്താണ് എന്നത് ഖുലഫാഉർറാശിദുകളുടെ മാർഗവും കർമശാസ്ത്ര പണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായവുമാണ്" (മജ്മൂഅ്: 23/108).

അവസാന റക്അത്തിൽ റുകൂഇന് ശേഷമാണ് നബിﷺ ഈ ക്വുനൂത് നിർവഹിച്ചിരുന്നത് എന്ന് അബൂഹുറയ്റﷺ പറയുന്നു (ബുഖാരി, മുസ്‌ലിം).

അഞ്ച് സമയ നമസ്‌കാരങ്ങളിലും ക്വുനൂത് നിർവഹിക്കാമെങ്കിലും നബിﷺ ഏറ്റവുമധികം നിർവഹിച്ചത് സ്വുബ്ഹി, മഗ്‌രിബ്, ഇശാഅ് എന്നീ നമസ്‌കാരങ്ങളിലാണ് എന്ന് ഹദീഥുകൾ അറിയിക്കുന്നു. നിർബന്ധ നമസ്‌കാരങ്ങളിൽ മാത്രമാണ് നബിﷺ ഇത് നിർവഹിച്ചിട്ടുള്ളത്.

ജുമുഅ നമസ്‌കാരത്തിൽ നബിﷺ ഈ ക്വുനൂത് നിർവഹിച്ചതായി പ്രത്യേകം ഉദ്ധരിക്കപ്പെടുന്നില്ല. അതിനാൽ പല പണ്ഡിതരും ജുമുഅയിൽ ഇത് നിർവഹിക്കാവുന്നതല്ല എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇബ്‌നു തൈമിയ്യ(റഹി), ഇബ്‌നുൽ മുൻദിർ (റഹി) എന്നിവർ ഈ അഭിപ്രായമാണ് കൂടുതൽ ശരി എന്ന പക്ഷക്കാരാണ്. എന്നാൽ ആധുനികകാല പണ്ഡിതന്മാരിൽ പ്രമുഖരായ ശൈഖ് ഇബ്‌നു ഉസൈമീൻ(റഹി) ജുമുഅയിലും ക്വുനൂത് നിർവഹിക്കാമെന്ന പക്ഷക്കാരനാണ് (ശർഹുൽ മുംതിഅ്).

ഇബ്‌നു അബ്ദിൽ ബർറ്(റഹി) പറയുന്നു: "സ്വഹാബിമാരിൽ ഒരാൾ പോലും ജുമുഅ നമസകാരത്തിൽ ക്വുനൂത് നിർവഹിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടില്ല" (അൽ ഇസ്തിദ്കാർ 2/282).

വളരെ ഹ്രസ്വമായ രൂപത്തിലാണ് നബിﷺ ക്വുനൂത് നിർവഹിച്ചിട്ടുള്ളത് എന്നതിനാൽ അനാവശ്യമായ രീതിയിൽ നീട്ടി വലിച്ച് പ്രാസം കൂട്ടിയുള്ള ശൈലി പ്രോത്സാഹനജനകമല്ല (ഫതാവാ ഇബ്‌നു ഉസൈമിൻ).

പ്രത്യേക വ്യക്തികളെ രക്ഷപ്പെടുത്താനായി അവരുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് ക്വുനൂതിൽ പ്രാർഥിക്കാവുന്നതാണ്. അയ്യാഷ് ബിൻ അബീ റബീഅ, വലീദ്ബ്‌നുൽ വലീദ്, സലമത്ബ്‌നുൽ ഹിശാം എന്നിവരുടെ പേരെടുത്ത് പറഞ്ഞും ശേഷം അടിച്ചമർത്തപ്പെട്ട വിശ്വാസികൾക്ക് വേണ്ടി പൊതുവായും നബിﷺ ക്വുനൂതിൽ പ്രാർഥിച്ചു എന്ന് അബൂഹുറയ്റﷺ പറയുന്നു. (ബുഖാരി).

എന്നാൽ എത്ര വലിയ ശത്രുവിനെതിരായ പ്രാർഥനയാണെങ്കിലും അവരെ പേരെടുത്ത് പറഞ്ഞ് അവർക്കെതിരായി പ്രാർഥിക്കാൻ പാടില്ല. കാരണം അവർ ജീവിതത്തിൽ ശിഷ്ട കാലം എന്താകുമെന്നും ഏത് അവസ്ഥയിലാണ് അവർ മരണപ്പെട്ടു പോകുക എന്നും നമുക്ക് അറിയില്ലല്ലോ. ഒരു നിലയ്ക്കും സഹിക്കാനാവാത്ത വിധം മുസ്‌ലിംകളെ ദ്രോഹിക്കുന്ന കൊടിയ ശത്രുവിനെതിരെ വ്യക്തിപരമായി തന്നെ പ്രാർഥിക്കാമെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുമുണ്ട്.

ഏത് വിപത്താണോ അനുഭവിക്കുന്നത് അതിന് അനുയോജ്യമായ വചനങ്ങൾ തെരഞ്ഞെടുത്ത് പ്രാർഥിക്കുകയാണ് ചെയ്യേണ്ടത്.

ഇമാം ഉറക്കെ പ്രാർഥിക്കുകയാണ് വേണ്ടത്. നബിﷺ ഉറക്കെയാണ് ക്വുനൂത് നിർവഹിച്ചത്. (ബുഖാരി).

ക്വുനൂതിന്റെ സന്ദർഭത്തിൽ നബിﷺ കൈ ഉയർത്തിയതായി ഞാൻ കണ്ടു എന്ന് അനസ്ﷺ പറയുന്നു (അഹ്മദ്).

ഉമർﷺ കൈ ഉയർത്തി ഉറക്കെ പ്രാർഥിച്ചുകൊണ്ട് ക്വുനൂത് നിർവഹിച്ചു. ഞാൻ അദ്ദേഹത്തിന് പിന്നിൽ നമസ്‌കരിച്ചു എന്ന് അബൂറാഫിഅ്ﷺ പറയുന്നു (ബൈഹക്വി).

എന്നാൽ ക്വുനൂതിന് ശേഷമോ മറ്റു പ്രാർഥനകൾക്ക് ശേഷമോ കൈ കൊണ്ട് മുഖം തടവണമെന്നത് സ്ഥിരപ്പെട്ടിട്ടില്ല. ഈ വിഷയകമായി ഉദ്ധരിക്കപ്പെട്ട ഹദീഥുകൾ എല്ലാം തന്നെ ദുർബലങ്ങളാകുന്നു. (സുനനുൽ ബൈഹഖി).

ഇമാം പ്രാർഥിക്കുമ്പോൾ മഅ്മൂമിനും കൂടെ പ്രാർഥിക്കാവുന്നതാണ്. (മജ്മൂഅ്: 23/115).

വ്യക്തികൾക്ക് സ്വന്തമായി അവരുടെ നമസ്‌കാരങ്ങളിൽ ക്വുനൂത് നിർവഹിക്കാമെന്നതാണ് കൂടുതൽ പ്രബലം. പല സ്വഹാബികളും അങ്ങനെ നിർവഹിച്ചിട്ടുണ്ടെന്നും ഇമാമിന് മാത്രമാണ് ഇത് സുന്നത്തെന്ന് പറയാൻ പ്രത്യേകം തെളിവില്ലെന്നുമാണ് ഇതിന് അടിസ്ഥാനമായി പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നത്. ഇതിൽ സ്ത്രീ-പുരുഷ വ്യത്യാസമില്ലെന്നാണ് ശൈഖ് ഇബ്‌നു ജിബ്‌രീൻ (റഹി) പറയുന്നത്.

ചില ഹദീഥുകളിൽ നബിﷺ റുകൂഇന് മുമ്പായി ക്വുനൂത് നിർവഹിച്ചു എന്ന് സ്ഥിരപ്പെട്ടിട്ടുണ്ട്. അതിനാൽ റുകൂഇന്ന് മുമ്പോ ശേഷമോ നിർവഹിക്കാവുന്നതാണ്. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 68, ഭാഗം: 2

# ഖലം (പേന)

(മക്കയിൽ അവതരിച്ചത്)

وَلَا تُطِعْ كُلَّ حَلَّافٍ مَّهِينٍ ﴿١٠﴾

هَمَّازٍ مَّشَّاءٍ بِنَمِيمٍ ﴿١١﴾

مَّنَّاعٍ لِّلْخَيْرِ مُعْتَدٍ أَثِيمٍ ﴿١٢﴾

عُتُلٍّ بَعْدَ ذَٰلِكَ زَنِيمٍ ﴿١٣﴾

أَن كَانَ ذَا مَالٍ وَبَنِينَ ﴿١٤﴾

إِذَا تُتْلَىٰ عَلَيْهِ آيَاتُنَا

قَالَ أَسَاطِيرُ الْأَوَّلِينَ ﴿١٥﴾

سَنَسِمُهُ عَلَى الْخُرْطُومِ ﴿١٦﴾

10. അധികമായി സത്യം ചെയ്യുന്നവനും നീചനുമായിട്ടുള്ള യാതൊരാളെയും നീ അനുസരിച്ചു പോകരുത്.

11. കുത്തുവാക്ക് പറയുന്നവനും ഏഷണിയുമായി നടക്കുന്നവനുമായ,

12. നൻമയ്ക്ക് തടസ്സം നിൽക്കുന്നവനും, അതിക്രമിയും മഹാപാപിയുമായ,

13. ക്രൂരനും അതിനു പുറമെ ദുഷ്കീർത്തി നേടിയവനുമായ.

14. അവൻ സ്വത്തും സന്താനങ്ങളും ഉള്ളവനായി എന്നതിനാൽ (അവൻ അത്തരം നിലപാട് സ്വീകരിച്ചു).

15. നമ്മുടെ ദൃഷ്ടാന്തങ്ങൾ അവന്ന് വായിച്ചുകേൾപിക്കപ്പെട്ടാൽ അവൻ പറയും; പൂർവികൻമാരുടെ പുരാണകഥകൾ എന്ന്.

16. വഴിയെ (അവന്റെ) തുമ്പിക്കൈമേൽ നാം അവന്ന് അടയാളം വെക്കുന്നതാണ്.

10). (അധികം സത്യം ചെയ്യുന്നവനെ നീ അനുസരിക്കരുത്) അതായത് ധാരാളം സത്യം ചെയ്യുന്നവനെ. കാരണം അവൻ പറയുന്നത് ചെയ്യുന്നവനായിരിക്കില്ല. നുണ പറയുന്നവൻ മാത്രമായിരിക്കും. അങ്ങനെ അല്ലാതിരിക്കാൻ നിവൃത്തിയില്ല.

(നീചൻ) മനസ്സിന്റെ അധമത്വം, മനഃശക്തിയില്ലായ്മ, നന്മയിൽ താൽപര്യമില്ലായ്മ; മാത്രമല്ല, അവന്റെ താൽപര്യങ്ങളാവട്ടെ മോശമായ മനസ്സിൽ നിന്നുണ്ടാകുന്നതും.

(കുത്തുവാക്ക് പറയുന്നവനും) ജനങ്ങളെ ധാരാളമായി ആക്ഷേപിക്കുകയും ആരോപണങ്ങളുന്നയിക്കുകയും പരിഹസിക്കുകയും ചെയ്യുക. (ഏഷണിയുമായി നടക്കുന്നവൻ) ജനങ്ങൾക്കിടയിൽ ഏഷണിയുമായി നടക്കുന്നു. ജനങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷണവും ഉണ്ടാക്കുന്നതിനും കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിനും സംസാരങ്ങളെ പരസ്പരം എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുക എന്നതാണ് ഏഷണി.

(12). (നന്മക്ക് തടസ്സം നിൽക്കുന്നവനും) നിർബന്ധമായും നൽകേണ്ട ചെലവുകളും സകാത്തും മറ്റു ദാനങ്ങളും നൽകാത്തവൻ. (അതിക്രമി) സൃഷ്ടികളുടെ മേൽ, അവരുടെ അഭിമാനത്തിലും സമ്പത്തിലും ജീവനിലും അക്രമം കാണിക്കുന്നവൻ. (മഹാപാപി) അല്ലാഹുവോട് ചെയ്യേണ്ട ബാധ്യതകളിൽ തെറ്റുകളും പാപങ്ങളും ധാരാളമായി ചെയ്യുന്നവൻ.

13). (ക്രൂരനും അതിനു പുറമെ) ക്രൂര പ്രകൃതിയുള്ള കഠിനൻ, ഹൃദയകാഠിന്യമുള്ളവൻ, സത്യത്തിന് കീഴ്പ്പെടാത്തവൻ. (ദുഷ്കീർത്തി നേടിയവൻ) അടിത്തറയില്ലാത്തവനും സ്വഭാവമാകട്ടെ ഏറ്റവും മോശമായവനും. അതിൽ നിന്ന് ഒരു രക്ഷയും പ്രതീക്ഷിക്കപ്പെടാൻ പറ്റാത്തവൻ. زنمة (സിൻമത്ത്) ഉള്ളവൻ തിന്മയുടെ അടയാളങ്ങൾ കാണപ്പെടുന്നവൻ. ചീത്ത സ്വഭാവക്കാരും മനസ്സ് മോശമായവരും കളവ് പറയുന്നവരും അധികമായി സത്യം ചെയ്യുന്നവരുമായ വ്യക്തികളെ അനുസരിക്കുന്നത് വിലക്കുകയാണിവിടെ. പ്രത്യേകിച്ചും തന്നെക്കുറിച്ച് അമിതമായ മതിപ്പ് കാണിക്കുന്നവരും സത്യത്തോടും മനുഷ്യരോടും അഹന്തകാണിക്കുന്നവരും ഏഷണിയും പരദൂഷണവുമായി മറ്റുള്ളവരെ നിസ്സാരമാക്കുന്നതും അധിക്ഷേപിക്കുന്നവരും തെറ്റുകൾ അധികരിപ്പിക്കുന്നവരുമായവരെ.

14-15). ഈ വചനങ്ങളിറങ്ങിയത് വലീദ്ബ്നു മുഗീറയെപ്പോലുള്ള ചില അവിശ്വാസികളുടെ കാര്യത്തിലാണ്. അവനെക്കുറിച്ച് പറയുന്നു: (അവൻ സ്വത്തും സന്താനങ്ങളും ഉള്ളവനായി എന്നതിനാൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവന് വായിച്ചു കേൾപിക്കപ്പെട്ടാൽ അവൻ പറയും: പൂർവികരുടെ പുരാണ കഥകളെന്ന്).

സമ്പത്തും സന്താനങ്ങളും ധാരാളം ഉള്ളതിനാൽ അവൻ അതിരുവിടുകയും സത്യത്തെ നിരാകരിക്കുകയും അഹങ്കാരം കാണിക്കുകയും അതിനെ അവൻ പൂർവികരുടെ പുരാണങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു. അത് സത്യത്തിനും അസത്യത്തിനും സാധ്യതയുള്ളതാണ്. ഈ വിശേഷണങ്ങൾ ആർക്കെല്ലാമുണ്ടോ, അവരെല്ലാം ഇതിലുൾപ്പെടും. കാരണം ക്വുർആൻ മുഴുവൻ സൃഷ്ടികൾക്കും മാർഗദർശനത്തിനു വേണ്ടി അവതരിച്ചതാണ്. അതിൽ ഈ സമുദായത്തിലെ എല്ലാവരും ഉൾപ്പെടുന്നു. പൊതുവായ ചില നിയമങ്ങൾ വ്യക്തമാക്കുന്നതിനു വേണ്ടി ചില പ്രത്യേക വ്യക്തികളുടെ കാര്യത്തിൽ ആയത്തുകൾ ഇറങ്ങാം. പൊതു നിയമങ്ങളിൽ ഉൾപ്പെടുന്ന ചില ഭാഗിക കാര്യങ്ങൾ അതിൽ നിന്ന് മനസ്സിലാക്കിയെടുക്കാൻ കഴിയും.

16). ഈ പറഞ്ഞ ദോഷങ്ങളുള്ളവരെ താക്കീത് ചെയ്യുകയാണ് തുടർന്നുള്ള വചനങ്ങളിൽ. അവന്റെ തുമ്പിക്കൈയിൽ അല്ലാഹു ശിക്ഷയുടെ അടയാളം വെക്കും. പ്രകടമായ ശിക്ഷ അവനെ ശിക്ഷിക്കുകയും ചെയ്യും. അവന്റെ ഏറ്റവും പ്രത്യക്ഷമായ ഭാഗങ്ങളിൽ ആ അടയാളവും ഉണ്ടായിരിക്കും. അതായത് മുഖത്ത് തന്നെ. ●

## സ്കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽ ഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതരംഗങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രൈനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും 808 9999 597 എന്ന നമ്പറിൽ ബന്ധപ്പെടുക.

School of Qur'an I Jamia Al-Hind Al-Islamiyya
Jamia Campus I Mini Ootty
Malappuram I Kerala I India I PIN 676519
www.schoolofquran.in I mail@schoolofquran.com

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com




# ഉത്തരവാദിത്തം നിറവേറ്റുക

"ഇതെന്താ ഈ ഓഫീസിൽ മാത്രമായി പ്രളയമുണ്ടായോ?''

രാവിലെ ഓഫീസിൽ എത്തിയ ജീവനക്കാർ പരസ്പരം ചോദിച്ചു.

ഓഫീസ് മുറികളിലെല്ലാം ഞെരിയാണിക്കൊപ്പം വെള്ളം തളം കെട്ടി നിൽക്കുന്നു!

തലേദിവസം സ്ഥാപനത്തിലെ രണ്ട് ഓഫീസ് അസിസ്റ്റന്റുമാർ തമ്മിലുണ്ടായ പടലപ്പിണക്കമാണ് പ്രളയമായി മാറിയത്! ഓഫീസിനോട് ചേർന്നുള്ള ശുചിമുറിയിലെ ബക്കറ്റ് നിറക്കാനായി പൈപ്പ് തുറന്ന സമയത്താണ് ഓഫീസ് മേധാവി അയാളെ എന്തോ ആവശ്യത്തിനായി വിളിച്ചത്.ബക്കറ്റ് നിറയുമ്പോഴേക്കും തിരിച്ചെത്താം എന്ന പ്രതീക്ഷയോടെ അയാൾ വാതിൽ ചാരി ഓഫീസറുടെ ക്യാബിനിലെത്തി. ഓഫീസർ അയാളെ അത്യാവശ്യമായി മറ്റൊരു ഓഫീസിൽ എത്തിക്കാനുള്ള തപാലുമായി അയച്ചു. സമയം അഞ്ചു മണിയോടടുത്തതിനാൽ തപാൽ കൊടുത്ത് അയാൾ നേരെ വീട്ടിലേക്ക് പോകുകയും ചെയ്തു.

നിസ്സാര കര്യങ്ങൾക്ക് വരെ മറ്റേ അസിസ്റ്റന്റിനോട് പ്രശ്നമുണ്ടാക്കുന്ന രണ്ടാമനായ ഓഫീസ് അസിസ്റ്റന്റ് വൈകുന്നേരം ഓഫീസ് അടക്കുന്ന സമയത്ത് ശുചിമുറിയിൽ നിന്നും വെള്ളം വീഴുന്ന ശബ്ദം കേട്ടുവെങ്കിലും മറ്റേ അസിസ്റ്റന്റ് തുറന്നത് അയാൾ തന്നെ പൂട്ടട്ടെ എന്ന വാശിയോടെ ഓഫീസടച്ച് വീട്ടിൽ പോയി.

പിറ്റേന്ന് ഓഫീസിൽ എത്തിയ എല്ലാവരും കൂടി ചേർന്നാണ് പ്രളയ ജലം പുറത്തേക്കൊഴുക്കി കളഞ്ഞത്.

1998ൽ വള്ളുവനാട്ടിലെ ഒരു മൃഗാശുപത്രിയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്റ്റർ പരിശീലന കാലത്തെ എന്റെ മറക്കാനാവാത്ത ഒരു അനുഭവമാണിത്.

രണ്ടുപേർക്കും കാരണം കാണിക്കൽ കത്ത് കൊടുത്ത് വിശദീകരണം വാങ്ങി, ഇനി ഇത്തരം ചെയ്തികൾ ഉണ്ടായാൽ ഇരുവർക്കും സ്ഥലം മാറ്റം നൽകാൻ മുകളിലേക്ക് ശുപാർശ നൽകുമെന്ന് താക്കീത് നൽകി സ്ഥാപന മേധാവി പ്രശ്നം താൽക്കാലികമായി അവസാനിപ്പിച്ചു.

ചിലർ അങ്ങനെയാണ്. സ്വന്തം ഉത്തരവാദിത്തങ്ങൾ നിർവഹിക്കാതെ മറ്റുള്ളവരെ പഴിചാരി സ്വയം രക്ഷപ്പെടാൻ ശ്രമിക്കും. അനാവശ്യമായ ഈഗോ വെച്ചുപുലർത്തി മറ്റുള്ളവരോട് കലഹിച്ചുകൊണ്ടേയിരിക്കും. അവനവന്റെ കർത്തവ്യങ്ങൾ നിർവഹിക്കാൻ മടിയുള്ള ചിലരാകട്ടെ സംഘടനകളിലും സ്ഥാപനങ്ങളിലും സമൂഹത്തിലും അനാവശ്യമായി ഗ്രൂപ്പുകൾ ഉണ്ടാക്കി സുഗമമായ പ്രവർത്തനങ്ങൾക്ക് തുരങ്കം വെക്കും.

അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ, സാമൂഹ്യ-സന്നദ്ധ പ്രവർത്തകർ, സംഘടനാ ഭാരവാഹികൾ, കർഷകർ, കൂലിപ്പണിക്കാർ തുടങ്ങി സകലരും സ്വന്തം ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടാതെ, കാര്യങ്ങൾ ചെയ്യേണ്ട രീതിയിൽ ചെയ്യേണ്ട സമയത്ത് ഭംഗിയായി ചെയ്തു തീർത്താൽ അത് എല്ലാവർക്കും വലിയ ആശ്വാസമാകും; സ്വന്തത്തിനും.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21

Nerpatham Weekly
Published on
28 DECEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |